സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽ നടന്ന OKR UAE മേഖലയിലെ മുൻകാല പ്രവർത്തകരുടെ യോഗം

റവ. ഫാ. എം. സി. സ്കറിയ മെമ്മോറിയൽ എൻഡോവ്മെന്റ് തുക കുടുംബാംഗങ്ങൾ ഡയറക്ടർ ജനറലിനെ ഏല്പിക്കുന്നു.

പത്തനാപുരം ഡിസ്ട്രിക്റ്റ് സൺഡേസ്കൂൾ വാർഷികവും അധ്യാപക പരിശീലനവും
അഭി. കുറിയാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.

O.S.S.A.E
SUFFER LITTLE CHILDREN TO COME UNTO ME

ORTHODOX SYRIAN
SUNDAY SCHOOL
ASSOCIATION OF THE EAST

THE SUNDAY SCHOOL

Vol. 11 • No. 1 • January-March 2025 • FOR PRIVATE CIRCULATION ONLY

ഗൂഢാംഗ്യത്താൽ ധരയെ വഹിക്കും വീരൻ തന്നെ
പൈതലിനെപ്പോലാശ്ലേഷിച്ചോൾ നീ ധന്യവതി

ജയിൽ സന്ദർശനവും ക്രിസ്തുമസ് ആഘോഷവും

ആലുവ ഡിസ്ട്രിക്റ്റ് സൺഡേസ്കൂൾ അധ്യാപകരുടെ നേതൃത്വത്തിൽ നടന്ന ആലുവ സബ് ജയിൽ സന്ദർശനം



എം. സി. സ്കറിയ
കത്തനാർ

എം. എസ്. ഉമ്മൻ
കത്തനാർ

ഒ.എസ്.എസ്.എ.ഇ.
വേദവിജ്ഞാനികൾക്കായി ക്രമീകരിച്ച
മേമഠത്തിൽ എം.സി. സ്കറിയ കത്തനാർ
മെമ്മോറിയൽ എൻഡോവ്മെന്റിൽനിന്നും
2024 മുതൽ സമ്മാനം നൽകുന്നു

ഓർത്തഡോക്സ് സൺഡേസ്കൂൾ
പ്രതിഭകൾ - 2024

വേദവചന ഭൂഷൺ

ലിയാ റജി
സെന്റ് തോമസ് പുത്തൻപള്ളി,
ത്രിപ്പലഴികം, കുണ്ടറ, കൊല്ലം

വിജ്ഞാനി

ഷാരോൺ കെ.സി.
മാർ ബസേലിയോസ്,
മാർ ഗ്രിഗോറിയോസ്, മൂലേപ്പാട്ട്,
കുന്നംകുളം

പ്രവീൺ

ക്രിസ് വർഗീസ് ഏബ്രഹാം
സെന്റ് പീറ്റേഴ്സ്, കോലഞ്ചേരി,
കണ്ടനാട് വെസ്റ്റ്

പ്രവീൺ

ഏഞ്ചല മറിയം മാത്യു
സെന്റ് തോമസ്,
തേവര, കൊച്ചി

വാഗ്മീതിലകം

ഹന്ന ബാബു
എം.കെ.എം., പിറവം,
കണ്ടനാട് ഈസ്റ്റ്

ഗാനസുഗന്ധി



സ്റ്റീവ് സന്തോഷ്
സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ്
പടമുകൾ, കൊച്ചി

അഭിനന്ദനങ്ങൾ

THE SUNDAY SCHOOL

Vol. 11 • No. 1 • January - March 2025

രക്ഷാധികാരി

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ

പ്രസിഡന്റ്

ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത

ചീഫ് എഡിറ്റർ

ഫാ. ഡോ. വർഗീസ് വർഗീസ്

എക്സിക്യൂട്ടീവ് ഓഫീസർ

പ്രൊഫ. ഡോ. ചെറിയാൻ തോമസ്

ഓഫീസ് അഡ്മിനിസ്ട്രേറ്റർ

ഫാ. ബ്രിജിത് കെ ബേബി

എക്സിക്യൂട്ടീവ് എഡിറ്റർ

ഫാ. ജോബ് സാം മാത്യു

എഡിറ്റോറിയൽ ബോർഡ്

സി. കെ. ജേക്കബ്
ഫാ. മാത്യൂസ് കാഞ്ഞിരംപാറ
ഫാ. ജോസ് തോമസ്
കെ. വി. തോമസ്
ജേക്കബ് ഫിലിപ്പ്
വിനോദ് എം. സഖറിയ

കേന്ദ്ര ഓഫീസ്

ദേവലോകം
കോട്ടയം-686 004
ossaebodhanam.org
dgossae@gmail.com

An OSSAE Publication

Printed at Alois Graphics
Kottayam-1, Tel: 9447069847
aloisgraphics@gmail.com

താളുകൾ മറിക്കുമ്പോൾ

- എഡിറ്റോറിയൽ
  ഫാ. ഡോ. വർഗീസ് വർഗീസ്
- പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്ത: വിശുദ്ധിയുടെ ഭാസുരശോഭ
  ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത
- നിർമ്മിതബുദ്ധി യുഗത്തിൽ സൺഡേസ്കൂൾ അധ്യയനം
  ഫാ. ജോബ് സാം മാത്യു
- ബാലപംക്തി
  ഫാ. ജോസ് തോമസ് പൂവത്തുങ്കൽ
- ബൈബിൾ & ചർച്ച് ക്വിസ്
  ഫാ. മാത്യൂസ് കാഞ്ഞിരംപാറ
- ഓർഡർ ഓഫ് സെന്റ് തോമസ്
  ലിന്റോ പോൾ ജേക്കബ്, ഓണക്കൂർ
- സൺഡേസ്കൂൾ വിജ്ഞാപനം
- അർത്ഥതലങ്ങളിലൂടെ
  ഡോ. ചെറിയാൻ തോമസ്

കവർ ചിത്രം: എത്യോപ്യൻ ഓർത്തഡോക്സ് സഭയിലെ പരിശുദ്ധ ദൈവമാതാവിന്റെ പുരാതനമായ ഒരു ഐക്കൺ.

എഡിറ്റോറിയൽ

ദൈവമെ വെള്ളം നിന്നെ കണ്ടു, വെള്ളം നിന്നെ കണ്ട് ഭയപ്പെട്ടു

ഫാ. ഡോ. വർഗീസ് വർഗീസ്

യേശുക്രിസ്തു യോർദാനിൽ പദമൂന്നിയപ്പോൾ വെള്ളം ഊഷ്മളമായി എന്ന് ആരാധനാ പാരമ്പര്യം സാക്ഷിക്കുന്നു. 'യോർദാനിൽ തീയുണ്ടായി' എന്ന്, പിതാവായ ജസ്റ്റിൻ മാർട്ടിയർ (Justin The Martyr: "As Jesus went down into the water, the Jordan was set ablaze") പ്രതിപാദിക്കുന്നു. "ദൈവമെ, വെള്ളങ്ങൾ നിന്നെ കണ്ടു, വെള്ളങ്ങൾ നിന്നെ കണ്ടു ഭ്രമിച്ചു" (സങ്കീ. 77:16) എന്ന സങ്കീർത്തന ഭാഗം ക്രിസ്തു യോർദാനിൽ ഇറങ്ങിയപ്പോൾ നിവൃത്തിയായി എന്ന് ആരാധനാ പാരമ്പര്യവും സാക്ഷിക്കുന്നു. വിശുദ്ധ ദനഹാ പെരുന്നാളിനു ശേഷമുള്ള ഞായറാഴ്ചകളിൽ സന്ധ്യയുടെ ഏവൻഗേല്യോൻ വായനയ്ക്ക് മുമ്പുള്ള 'പെത്ഗോമോ' ഈ സങ്കീർത്തനഭാഗമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. വെള്ളം വാഴ്വിന്റെ ക്രമം അവസാനിക്കുമ്പോൾ വാഴ്ത്തപ്പെട്ട ജലം കുരിശാകൃതിയിൽ മാമോദീസ തൊട്ടിയിൽ ഒഴിക്കുന്നു. യോർദാനിലെ സ്നാനത്തിലൂടെ ക്രിസ്തീയ മാമോദീസ കർത്താവ് സ്ഥാപിച്ചതിനെ പ്രസ്തുത ആരാധനാ കർമ്മം വ്യക്തമാക്കുന്നു.

'ദ്നാഹ്' എന്ന സുറിയാനി പദത്തിന് മലയാളത്തിൽ മുള, ഉദയം, വെളിപാട്, ദൈവദർശനം തുടങ്ങിയ അർത്ഥങ്ങളാണുള്ളത്. അന്ധകാരത്തിന്റെ നടുവിൽ പ്രകാശം വെളിപ്പെട്ടു എന്ന അർത്ഥത്തിൽ യേശുക്രിസ്തുവിന്റെ ജനനത്തെ നീതിസൂര്യന്റെ ഉദയമായി പൗരസ്ത്യ സഭാപാരമ്പര്യത്തിൽ ആചരിച്ചിരുന്നു (യെശയ്യാവ് 60:1-3 ; വി. മത്തായി 4:15-16; വി. യോഹന്നാൻ 1:5; 8:12; മലാഖി 4:2; സഖര്യ 6:12; 8:3). പ്രകാശത്തിന്റെ പെരുന്നാൾ, ഉദയത്തിന്റെ പെരുന്നാൾ എന്നീ നിലകളിൽ ആദിമകാലങ്ങളിൽ ഈ പെരുന്നാൾ അറിയപ്പെട്ടിരുന്നു. സഖര്യാ പ്രവചനം ആറാം അധ്യായം പന്ത്രണ്ടാം വാക്യം ഇപ്രകാരം പറയുന്നു: "സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മുള എന്നു പേരുള്ളൊരു പുരുഷനുണ്ടല്ലോ; അവൻ തന്റെ നിലയിൽനിന്നു മുളെച്ചുവന്നു യഹോവയുടെ മന്ദിരം പണിയും. (Behold, the man whose name is the Branch: and he shall grow up out of his place; and he shall build the temple of Jehovah). എബ്രായ പാരമ്പര്യം വരുവാനുള്ള മശിഹായെക്കുറിച്ചുള്ള പ്രവചനമായിട്ടാണ് ഈ വേദഭാഗത്തെ വ്യാഖ്യാനിച്ചിരുന്നത്. മുള (the branch) എന്ന് വിവർത്തനം ചെയ്തിട്ടുള്ള പദം പെഷീത്ത വേദപുസ്തകത്തിൽ 'ദനഹ' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്.

ദൈവപുത്രനായ യേശുവിന്റെ ജനനത്തിന്റെ ഓർമ്മ ആചരിക്കലായിരുന്നു പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ വിശുദ്ധ ദനഹ പെരുന്നാളിന്റെ ഉദ്ദേശ്യവും ആശയ സ്മരണയും. വിശുദ്ധ ദനഹാ പെരുന്നാളിനു ശേഷമുള്ള ഞായറാഴ്ചകളിലെ പ്രാർത്ഥനകളും ഗീതങ്ങളും പ്രസ്തുത ആശയം വ്യക്തമാക്കുന്നു.

റോമൻ സഭയുടെ നേതൃത്വത്തിൽ ഡിസംബർ 25 യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാളായി പൊതുവായി ആചരിക്കുവാൻ ആരംഭിച്ചതിനുശേഷം വിശുദ്ധ ദനഹപ്പെരുന്നാളിന്റെ സ്മരണാവിഷയം വിശുദ്ധ യോഹന്നാനിൽ നിന്ന് യോർദാൻ നദിയിൽ വച്ച് കർത്താവ് സ്വീകരിച്ച വിശുദ്ധ മാമോദീസ ആയി പരിണമിച്ചു. റോമാ സഭയുടെ ആരാധനാക്രമത്തിൽ യേശുവിന്റെ ജനനം ദർശിക്കുവാൻ കിഴക്കു

നിന്ന് വന്ന വിദ്വാന്മാരുടെ സംഭവവമാണ് പെരുന്നാൾ സ്മരണയുടെ പ്രധാന ആശയമായി ചേർത്തിരിക്കുന്നത്.

പരിശുദ്ധ സഭയിലെ പ്രമുഖമായ പല പെരുന്നാളുകളും ആരാധനാക്രമങ്ങളും ക്രൈസ്തവസഭയുടെ മാതൃസഭയായ യെരുശലേമിൽ യഹൂദ ആരാധനയുടെയും പെരുന്നാളുകളുടെ സ്വാധീനത്തിലും പശ്ചാത്തലത്തിലും രൂപം പ്രാപിച്ചവയാണ്. മലങ്കരസഭ ഇന്ന് ഉപയോഗിക്കുന്ന വിശുദ്ധ ദനഹപ്പെരുന്നാൾ ക്രമം യേരുശലേം പാരമ്പര്യത്തിൽ രൂപം പ്രാപിച്ച് ബൈസാൻറിയൻ പാരമ്പര്യ സ്വാധീനം സ്വീകരിച്ച് പാശ്ചാത്യ സുറിയാനി ആരാധനാക്രമത്തിൽ വികാസം പ്രാപിച്ച ക്രമമാണ്.

വിശുദ്ധ ദനഹാപ്പെരുന്നാളിലെ വർത്തമാന കാലഘട്ടത്തിലെ പ്രധാന പെരുന്നാൾ ആശയം യോർദാൻ നദിയിൽവച്ച് വിശുദ്ധ യോഹന്നാൻ സ്നാപകനിൽ നിന്ന് യേശുക്രിസ്തു സ്വീകരിച്ച വിശുദ്ധ മാമോദീസ സംഭവമാണ്. ക്രിസ്തു സ്വീകരിച്ച മാമോദീസായും ക്രിസ്തീയ മാമോദീസായും ഒന്നല്ല; മറിച്ച് വ്യത്യസ്തങ്ങളാണ്. ക്രിസ്തീയ മാമോദീസ ക്രിസ്തു അപ്പോസ്തോലന്മാരെ ഭരമേല്പിച്ച അപ്പോസ്തോലിക സ്നാനം (വി. മത്തായി 28:19) ആണ്. വിശുദ്ധ യോഹന്നാനിൽ നിന്ന് ക്രിസ്തു സ്വീകരിച്ചത് മാനസാന്തര സ്നാനം (അപ്പോ. പ്രവൃ. 19:4) ആയിരുന്നു. ക്രിസ്തു മാനസാന്തര സ്നാനം സ്വീകരിച്ചത് യേശുവിന് പാപം ഉണ്ടായിരുന്നിട്ട് അവ പരിഹരിക്കപ്പെടുവാൻ വേണ്ടി ആയിരുന്നില്ല; മറിച്ച് മാനസാന്തര സ്നാനത്തിന്റെ പൂർത്തീകരണത്തിനും (വി. മത്തായി 3:15) പുതിയ (ക്രിസ്തീയ) മാമോദീസായുടെ സമാരംഭത്തിനും വേണ്ടിയായിരുന്നു.

ക്രിസ്തു യോർദാൻ നദിയിൽവച്ച് യോഹന്നാനിൽ നിന്ന് മാമോദീസ സ്വീകരിച്ചത് മഹത്വവാനായ ദൈവപുത്രന്റെ (ഫിലി. 2:6-8) സ്വയം വെറുമയാക്കലിന്റെ (kenosis) മഹനീയ മാതൃകയായിരുന്നു. ക്രിസ്തു മാമോദീസ സ്വീകരിച്ചതുമൂലം യോഹന്നാൻ അനുഗ്രഹിക്കപ്പെടുകയും യോഹന്നാന്റെ ദൗത്യം പൂർത്തീകരിക്കപ്പെടുകയും ചെയ്തു. പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന ത്രീയേക സത്യദൈവം സ്പർശനത്തിലൂടെയും ദർശനത്തിലൂടെയും ശ്രവണത്തിലൂടെയും യോഹന്നാനു വെളിപ്പെട്ടു. യോഹന്നാൻ പുത്രനെ തൊട്ടു. പിതാവിനെ ശ്രവിച്ചു. പരിശുദ്ധ റൂഹായെ ദർശിച്ചു. അതുകൊണ്ട് വിശുദ്ധ ദനഹപ്പെരുന്നാൾ പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടീലിന്റെ (Manifestation of the Holy Trinity) പ്പെരുന്നാളാണ്. വിശുദ്ധ മാമോദീസ പെരുന്നാൾ എന്ന ആശയത്തിന്റെ ആരാധനാ ആവിഷ്കരണത്തിനായി (liturgical expression) വെള്ളം വാഴ്വിന്റെ ക്രമം നിർവ്വഹിക്കുന്നതിനോടൊപ്പം ധൂപക്കുറ്റി വാഴ്വ് നിർവ്വഹിക്കുന്നത് പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പാടിന്റെ ആരാധനാ ആവിഷ്കരണമായിട്ടാണ്.

വിശുദ്ധ മാമോദീസപ്പെരുന്നാൾ, ഉദയത്തിന്റെ (പ്രകാശത്തിന്റെ) പെരുന്നാൾ, പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടൽ, രക്ഷാകര പ്രവർത്തനത്തിന്റെ സമാരംഭം, വിശ്വാസ സമൂഹത്തിന് അവരവർ സ്വീകരിച്ച വിശുദ്ധ മാമോദീസ അനുഭവത്തിൽ വളരുവാനും ജീവജലത്തെക്കുറിച്ചുള്ള ആത്മീയ പഠനം സ്വായത്തമാക്കുവാനുമുള്ള മഹത്തരമായ അവസരം എന്നീ അർത്ഥതലങ്ങളിൽ വിശുദ്ധ ദനഹപ്പെരുന്നാളിന് പരിശുദ്ധ സഭയുടെ ആരാധനാ ക്രമീകരണങ്ങളിൽ പ്രമുഖമായ സ്ഥാനം ഉണ്ട്.

OKR UAE മേഖല യോഗം

OKR UAE മേഖലയിലെ മുൻകാല പ്രവർത്തകരുടെ ഒരു യോഗം സൺഡേസ്കൂൾ കേന്ദ്ര ഓഫിസിൽ കൂടി. പ്രസ്ഥാനം പ്രസിഡണ്ട് ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ, ഫാ. റ്റി.പി. കുര്യൻ, ഫാ. പി.എ. ഫിലിപ്പ്, ഫാ. സജി യോഹന്നാൻ, ഡോ. ചെറിയാൻ തോമസ് എന്നിവർ പ്രസംഗിച്ചു.

ആദ്ധ്യക്ഷ്യം

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്ത: വിശുദ്ധിയുടെ ഭാസുരശോഭ

ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് SST
(കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ & പ്രസിഡന്റ് O.S.S.A.E)

വിശുദ്ധരെ അഞ്ചു ഗണത്തിൽ വിശേഷിപ്പിക്കാറുണ്ട്. ഒന്നാമത് ധീരോദാത്ത വിശുദ്ധർ (Heroic Saints). സ്വാർത്ഥതയും ആർജ്ജന മനോഭാവവും അകറ്റി, ദൈവികമായ വീക്ഷണവും ദൗത്യവും ഭരമേറ്റ് സമൂഹത്തിന്റെ നിർമ്മിതിക്കു പരിശ്രമിക്കുമ്പോഴാണ് 'ധീരോദാത്ത വിശുദ്ധർ' ഉണ്ടാകുന്നത്. രണ്ടാമത്തെ ഗണം സന്ന്യാസ വിശുദ്ധരാണ് (Ascetic Saints). സന്ന്യാസനിഷ്ഠ ജീവിതത്തിൽ പാലിക്കുകയും, അതോടൊപ്പം ദൈവിക ധ്യാനത്തിലും പ്രാർത്ഥനയിലും തിരുവചന പാരായണത്തിലും സാമൂഹ്യസേവനത്തിലും താൽപര്യം കാണിക്കുകയും ചെയ്യുന്നവരാണ് ഇവർ.

മൂന്നാമത്തെ ഗണം സഹദാ വിശുദ്ധരാണ് (Matryr Saints). യേശുക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസത്തിന്റെ പേരിൽ മതവിദ്വേഷികളിൽ നിന്നും ഉപദ്രവങ്ങൾ ഏറ്റു രക്തസാക്ഷിത്വം വഹിക്കുന്നവരാണ് ഇവർ. നാലാമത്തെ ഗണം പിതൃവിശുദ്ധരാണ് (Patristic Saints). സഭയുടെ സത്യവിശ്വാസം പ്രഘോഷിക്കുകയും തലമുറകളിലേക്കു പങ്കുവയ്ക്കുവാൻ ഗ്രന്ഥരചനകളിൽ മുഴുകുകയും ചെയ്യുന്നവരാണ് ഇവർ. അഞ്ചാമത്തെ ഗണം അല്മായ വിശുദ്ധരാണ് (Laity Saints). വൈദികസ്ഥാനികൾ അല്ലാത്ത ഇവർ കുടുംബജീവിതത്തിൽ കൂടി വിശുദ്ധി വെളിപ്പെടുത്തുന്നു.

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിക്ക് ആദ്യത്തെ നാല് വിശേഷണങ്ങളും ഇണങ്ങും എന്നത് അദ്ദേഹത്തിന്റെ ശ്രേഷ്ഠതയാണ്. വട്ടശ്ശേരിൽ തിരുമേനിയെ 'സഭാ ഭാസുരൻ' എന്നാണ് വിളിക്കുന്നത്. 'ഭാസുരൻ' എന്ന വാക്കിന് 'സൂര്യൻ' എന്നാണർത്ഥം. അദ്ദേഹത്തിന്റെ എപ്പിസ്കോപ്പൽ നാമമായ 'ദിവന്നാസിയോസ്' എന്ന പേരിന് 'സൂര്യതേജസ്' എന്നും അർത്ഥമുണ്ട്. സൂര്യനെപ്പോലെ പ്രതാപവും പ്രാഭവവും കൃത്യനിഷ്ഠയും പുലർത്തിയിരുന്ന പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി 'സഭാ ഭാസുരൻ' എന്ന നാമധേയത്തിന് തികച്ചും യോഗ്യനായിരുന്നു.

മലങ്കരസഭയുടെ ചരിത്രത്തിൽ നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ള വിശുദ്ധനാണ് വട്ടശ്ശേരിൽ തിരുമേനി. ആത്മീയ സജീവത്വം അഥവാ ഭക്തി വൈരാഗ്യം (Spiritual activism) ജീവിതത്തിലുടനീളം അദ്ദേഹം പുലർത്തി. ആത്മീയതയിൽ നിഷ്ഠയും നിർബന്ധവും അദ്ദേഹത്തിനുണ്ടായിരുന്നു. ഭൗതികമായ വളർച്ചയ്ക്കു നാം നിഷ്ഠയും നിർബന്ധവും പുലർത്താറുണ്ട്. എന്നാൽ ആത്മീയ ജീവിതത്തിലും ഈ നിർബന്ധം നാം പാലിക്കണം. നൈഷ്ഠികവും ധാർമികവും ആരാധനാപരവുമായ ജീവിതത്തിൽ ഈ നിർബന്ധബുദ്ധി പരിശുദ്ധ തിരുമേനി പാലിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നുള്ള ഒരു സംഭവം പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി പറഞ്ഞത് ഇപ്രകാരമാണ്.

'മലങ്കരസഭയുടെ ഭരണനിർവഹണം ശ്രേഷ്ഠമായി നിർവഹിച്ചിരുന്ന വ്യക്തിയാണ് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി. ആലോചനകൾക്കും അനുമതിക്കുമായി ധാരാളം വൈദികരും അൽമായരും അദ്ദേഹത്തെ കാണുവാൻ എത്തിയിരുന്നു. തിരക്കുള്ള ഒരു വെള്ളിയാഴ്ച ദിവസം ഒരു കുശിനിക്കാരൻ ഒരു ഗ്ലാസ് പാൽ തിരുമേനിയുടെ കയ്യിൽ കൊടുത്തു. എന്നാൽ തിരക്കിനിടയിൽ ഉപവാസദിവസമാണെന്ന് അദ്ദേഹം വിസ്മരിക്കുകയും ആ പാൽ കുടിക്കുകയും ചെയ്തു. എന്നാൽ തെറ്റ് പെട്ടെന്ന് അദ്ദേഹത്തിന്റെ ഓർമ്മ

യിൽ വന്നു. ആ കുറ്റത്തിന്റെ ഉത്തരവാദിത്വം കുശിനിക്കാരന്റെ മേൽ അദ്ദേഹം കെട്ടിവെച്ചില്ല. പകരം അറിയാതെ ചെയ്ത തെറ്റിനു പ്രായശ്ചിത്ത മായി ഒരാഴ്ചക്കാലം സന്ധ്യ വരെ അദ്ദേഹം ഉപവസിച്ചു.' ആധ്യാത്മിക ജീവിതത്തിൽ വളരാനും നിലനിൽക്കാനും ഈ നിർബന്ധബുദ്ധി അനിവാര്യമാണെന്ന് ഈ സംഭവം ഓർമ്മിപ്പി ക്കുന്നു. ജീവിതത്തിൽ ദൈവത്തിനും ദൈവീക കാര്യങ്ങൾക്കും തിരുമേനി എന്നും മുൻഗണന നൽകി.

ഈ പുണ്യപിതാവ് മലങ്കരസഭയ്ക്ക് നൽകിയ സംഭാവനകളിൽ പ്രധാനപ്പെട്ടത് കാതോലിക്കേറ്റും സഭാ ഭരണഘടനയുടെ രൂപീകരണത്തിനു നൽകിയ പിന്തുണയുമാണ്. പ്രതിസന്ധികളുടെ മധ്യേ ഭീഷണികൾക്ക് വഴങ്ങാതെ മലങ്കരസഭയെ അദ്ദേഹം നയിച്ചു. ഇതിന് അദ്ദേഹത്തെ പ്രാപ്ത നാക്കിയത് ഭക്തിവൈരാഗ്യത്തിൽ ഊന്നിയ അദ്ദേഹത്തിന്റെ ജീവിതമാണ്. അന്ത്യത്തോളം അദ്ദേഹം സത്യത്തിനു സാക്ഷിയും കർമ്മിയും ആയിരുന്നു. യോഹന്നാൻ സ്നാപകനെയും ഏലിയാ പ്രവാചകനെയും മോശയെയും പോലെ ജനത്തെ നയിച്ച പിതാവാണ് അദ്ദേഹം. അന്ത്യത്തോളം സത്യത്തിന്റെ കാവലാളായി അദ്ദേഹം ജീവിച്ചു. വിപരീത സാഹചര്യങ്ങൾ ധാരാളമുണ്ടായിരുന്നു എങ്കിലും തന്റെ ആധ്യാ ത്മികചര്യയിൽ ഒരു കുറവും അദ്ദേഹം വരുത്തി യില്ല. കേസും വഴക്കും നിറഞ്ഞ ദിനങ്ങളായിരുന്നു അദ്ദേഹത്തിന്റെ ഭരണകാലയളവ്. സ്വസ്ഥമായി ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും അനുയോ ജ്യമായ സാഹചര്യമായിരുന്നില്ല. എന്നാൽ ദൈവത്തോടുള്ള അഭേദ്യമായ ബന്ധം പുലർത്തുവാൻ തിരുമേനി സമയവും സാഹച ര്യവും കണ്ടെത്തി.

കലുഷിതമായ ഇന്നത്തെ ജീവിതസാഹചര്യ ത്തിൽ നമ്മുടെ ആധ്യാത്മിക ജീവിതം മെച്ചപ്പെ ടുത്തി വിശുദ്ധ ജീവിതം നയിക്കുവാൻ നാം ശ്രമിക്കണം. നോമ്പും ഉപവാസവും പ്രാർത്ഥനയും നമ്മുടെ ആന്തരിക ആത്മീയ ശക്തി വർദ്ധി പ്പിക്കും. ഇവ കൂടാതെ നാം ജീവിക്കുന്നുവെങ്കിൽ പാപത്തിൽ വീണുപോകാൻ സാധ്യത വർദ്ധിക്കു കയാണ്. ഈ പുതിയ അധ്യായന വർഷത്തിൽ ആധ്യാത്മിക ജീവിതത്തിൽ പുരോഗതി കൈവരിക്കുവാൻ നമുക്ക് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. •

മേമഠത്തിൽ എം.സി. സ്കറിയ കത്തനാർ മെമ്മോറിയൽ എൻഡോവ്മെന്റ്

തിരുവല്ല മേമഠത്തിൽ എം.സി. സ്കറിയ കത്തനാർ 1880നു ജനിച്ചു. 1901 ഒക്ടോബർ 20നു കാരിച്ചാൽ പള്ളിയിൽ വച്ച് പരിശുദ്ധ പരുമല തിരുമേനി ശെമ്മാശനാക്കി. 1904 ഒക്ടോബർ 5നു കവിയൂർ ചിറത്തലയ്ക്കൽ എലിസബേത്തിനെ വിവാഹം ചെയ്തു. 1906 സെപ്റ്റംബർ 22നു കോലഞ്ചേരി പള്ളിയിൽ വച്ച് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ പൗലോസ് മാർ ഇവാനിയോസ് (ഒന്നാം കാതോലിക്കാ ബാവാ) സ്കറിയ ശെമ്മാശനെ വൈദീകനാക്കി. പാണംപാടി പള്ളിയിൽ പ്രഥമബലി അർപ്പിച്ചു. പീരുമേട് അഴുതപള്ളി, റാന്നി വെള്ളക്കല്ലുങ്കൽ, ചെത്തോങ്കര, ആഞ്ഞിലിത്താനം, കനകപ്പാലം, പെരിങ്ങര തിരുവാങ്കവ് എന്നീ പള്ളികളും ചാപ്പലുകളും സ്ഥാപിച്ചു. ആത്മീയ നേതാവ്, സൗജന്യ നേത്രചികിത്സാ വൈദ്യൻ, പഞ്ചായത്ത് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 1952 സെപ്റ്റംബർ 2നു നിര്യാതനായി. കാരയ്ക്കൽ പള്ളിയിൽ കബറടക്കി.

സ്കറിയ കത്തനാരുടെ രണ്ടാമത്തെ മകൻ മേമഠത്തിൽ എം. എസ്. ഉമ്മൻ കത്തനാർ പ്രധാനാധ്യാപകൻ, സുവിശേഷ പ്രസംഗകൻ, സൺഡേസ്കൂൾ ഇൻസ്പെക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. സ്വാതന്ത്ര്യസമരത്തിൽ മലയായിൽ സുഭാഷ് ചന്ദ്രബോസിനൊപ്പം ഐ. എൻ. ഐ യിൽ പ്രവർത്തിച്ച ഉമ്മൻ അച്ചൻ 1998 മെയ് 31നു നിര്യാതനായി. പാലിയേക്കര പള്ളിയിൽ കബറടക്കി. എം. സി. സ്കറിയ കത്തനാരുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ബന്ധു ക്കൾ ഒ.എസ്.എസ്.എ.ഇ യുടെ പ്രതിഭകൾക്കുവേണ്ടി ഒരു എൻഡോവ്മെന്റ് ആരംഭിച്ചിട്ടുണ്ട്. സൺഡേസ്കൂൾ വേദവിജ്ഞാനികൾക്ക് 2024 മുതൽ ഈ എൻഡോവ്മെന്റിൽനിന്നും സമ്മാനം നൽകുന്നതാണ്.

നിർമ്മിതബുദ്ധി യുഗത്തിൽ സൺഡേസ്കൂൾ അധ്യയനം

ഫാ. ജോബ് സാം മാത്യു
ഓർത്തഡോക്സ് സെമിനാരി, കോട്ടയം

2024 ലെ കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹയർ സെക്കണ്ടറി വിഭാഗം പ്രസംഗ മത്സരത്തിൽ നൽകിയിരുന്ന വിഷയം 'നിർമ്മിതബുദ്ധി: വർത്തമാനവും ഭാവിയും' എന്നതായിരുന്നു. 'ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എ ഐ, Artificial Intelligence, നിർമ്മിതബുദ്ധി) ഉപയോഗം സൺഡേസ്കൂൾ പഠനത്തിൽ' എന്ന വിഷയം ആസ്പദമാക്കിയുള്ള ചർച്ചകൾ അനിവാര്യമായ കാലഘട്ടമാണിത്. സാങ്കേതിക വിദ്യയുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് നിലവിൽ സൺഡേസ്കൂൾ പ്രസ്ഥാനം സ്വീകരിച്ചിരിക്കുന്നത്. കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ഓർത്തഡോക്സ് ഗ്ലോബൽ ഓൺലൈൻ സൺഡേസ്കൂൾ (OGOSS), ഓൺലൈൻ പരീക്ഷകൾ മുതലായവ ഉദാഹരണങ്ങളാണ്. ലോകത്തിലെ വിവിധ മേഖലകൾ എ ഐ ഉൾപ്പെടെയുള്ള സാങ്കേതിക പുരോഗതി ഉൾകൊള്ളുമ്പോൾ സൺഡേസ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും ഇതിൽ നിന്നും പിന്മാറി നിൽക്കരുത്. 'മെറ്റാ'യും 'ചാറ്റ് ജിപിറ്റി'യും 'ജെമിനി'യും ഉൾപ്പടെയുള്ള ചാറ്റ്ബോട്ടുകൾ വിദ്യാർത്ഥികൾക്ക് സുപരിചിതമാണ്. ഈ വിഷയത്തെ ആസ്പദമാക്കിയുള്ള പ്രാഥമിക വിലയിരുത്തലാണ് ഈ ലേഖനത്തിലൂടെ നൽകുന്നത്.

നിർമ്മിതബുദ്ധിയുടെ ഉപയോഗത്താൽ ലഭിക്കുന്ന പ്രയോജനങ്ങൾ

ഓരോ കുട്ടിയുടെയും ആവശ്യം മനസ്സിലാക്കി വ്യക്തിഗതമായ പഠനാനുഭവം (personalised learning experiences) സാധ്യമാക്കുവാൻ നിർമ്മിതബുദ്ധി ഉപയോഗിക്കുന്നതുവഴി സാധിക്കും. വ്യക്തിഗതമായി സമീപിക്കുന്നതിനാൽ അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം ഊട്ടി ഉറപ്പിക്കുവാൻ ഇടയാകുന്നു. സഭയെയും സമൂഹത്തെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കി, ക്രിസ്തീയ ബോധ്യത്തിൽ ജീവിക്കുവാൻ പരിശീലനം നൽകാനാകും. ഓരോ കുട്ടിയുടെയും ബൗദ്ധിക നിലവാരം വ്യത്യസ്തമായിരിക്കുന്നതിനാൽ വ്യക്തിപരമായ പ്രത്യേക പരിശീലനം നൽകി പ്രാപ്തിയിലേക്ക് അവരെ നയിക്കേണ്ടതുണ്ട്.

ഓരോ വിദ്യാർത്ഥിയും മുൻഗണന നൽകുന്ന വിഷയങ്ങൾ ഏതെല്ലാം എന്ന് കണ്ടെത്താനും, പാഠ്യ-സഹപാഠ്യ മേഖലകളിൽ വിദ്യാർത്ഥികളുടെ പ്രകടനം എപ്രകാരം എന്ന് വിലയിരുത്തുവാനും നിർമ്മിതബുദ്ധി സഹായിക്കും. യൂണിറ്റ് തലത്തിൽ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുവാൻ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ഏറെ സഹായകരമാണ്. വിദ്യാർത്ഥികളുടെ ഗ്രേഡിങ്ങും, ഹാജരും വേഗതയോടും കാര്യക്ഷമതയോടും വിലയിരുത്താൻ ഇതിലൂടെ കഴിയുന്നു.

വിദ്യാർത്ഥികൾ അധ്യാപകരോടു സൗഹൃദം സ്ഥാപിക്കുന്നതിന് ആഗ്രഹിക്കുന്നുണ്ട്. അധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം അടിമ-ഉടമ വ്യവസ്ഥയിൽ നിലനിൽക്കുന്നുവെങ്കിൽ ആ ബന്ധം വളരെ വേഗത്തിൽ ശിഥിലമാകും. അതിനാൽ സൗഹൃദ അന്തരീക്ഷം ക്ലാസ് മുറികളിലും പുറത്തും അധ്യാപകർ കാത്തു സൂക്ഷിക്കണം. നിർമ്മിതബുദ്ധിയും സാമൂഹിക മാധ്യമങ്ങളും ഇതിനെ തുണയ്ക്കുന്നു.

ആഴത്തിലുള്ള പഠനം കാലഘട്ടത്തിന്റെ ആവശ്യമാണ്. സൺഡേസ്കൂൾ പാഠപുസ്തകത്തിൽ ഒതുങ്ങി നിൽക്കാതെ, അക്കാദമിക ഗ്രന്ഥങ്ങൾ പരിചയപ്പെടുന്നതിനും വായിക്കുന്നതിനും വിലയിരുത്തുന്നതിനും ഇന്ന് സാധ്യതകളേറെയാണ്. ഓരോ വിഷയത്തിലും ഉണ്ടാകുന്ന അപ്ഡേറ്റുകൾ തൽസമയം മനസ്സിലാക്കുവാൻ ഇന്റർനെറ്റിന്റെ സഹായത്തോടെ സാധിക്കുന്നു. ഇങ്ങനെ ആഴമേറിയ പഠനങ്ങൾക്ക് വിദ്യാർത്ഥികൾക്ക് പ്രചോദനം ലഭിക്കുന്നു. ലോകത്തിലുള്ള വ്യത്യസ്ത പാരമ്പര്യങ്ങളെയും അഭിപ്രായങ്ങളെയും അടുത്തറിയാനും സഹായിക്കുന്നു.

പഠനം സൺഡേസ്കൂൾ ക്ലാസിൽ മാത്രം അവസാനിക്കുന്ന പ്രക്രിയയല്ല, മറിച്ച് ക്ലാസ് മുറികളുടെ പുറത്തേക്ക് അത് വ്യാപിക്കുന്ന സാഹചര്യമാണ് കാലഘട്ടത്തിന്റെ അനിവാര്യത. അതിലൂടെ അധ്യാപകനും വിദ്യാർത്ഥിയും

തമ്മിലും, വിദ്യാർത്ഥികൾ തമ്മിലും സഹകരണവും കൂട്ടായ്മയും ഉണ്ടാകും.

നിർമ്മിതബുദ്ധിയുടെ ഉപയോഗത്താൽ ഉണ്ടാകുന്ന ചില വെല്ലുവിളികൾ

ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് നിർമ്മിതബുദ്ധിയുടെ ഉപയോഗം വളരെ പരിമിതമായ തോതിലാണ് നിലവിലുള്ളത്. ഇത് ഓരോ ദിവസവും നിമിഷവും പുരോഗമിക്കുന്നുണ്ട്. എന്നാൽ ഇപ്പോഴും എല്ലാവർക്കും ഇത് അപ്രാപ്യമാണ്. അടിസ്ഥാനപരമായ സൗകര്യങ്ങളും കണക്ടിവിറ്റിയും എല്ലായിടത്തുമില്ല. പ്രാദേശിക വികസനത്തിന്റെയും സാധ്യതകളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് ഇവയുടെ ഉപയോഗം. ചിലർ മാത്രം ഇത് ഉപയോഗിക്കുകയും ഭൂരിപക്ഷവും ഇതിന്റെ കണക്ടിവിറ്റിക്കു പുറത്താവുകയും ചെയ്യുന്ന പശ്ചാത്തലമാണുള്ളത്.

ഓരോ യൂണിറ്റുകളിലും നിർമ്മിതബുദ്ധിയുടെയും ടെക്നോളജിയുടെയും ഉപയോഗം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനു സാമ്പത്തിക ചിലവുണ്ട്. ബഹുഭൂരിപക്ഷം യൂണിറ്റുകളിലും സ്മാർട്ട് ക്ലാസുകൾ ഒന്നുമില്ല. അധ്യാപകർക്കും കുട്ടികൾക്കും ഇവയെ സംബന്ധിക്കുന്ന പരിശീലനം നൽകുക എന്നതും ചിലവുള്ളതാണ്.

പരമ്പരാഗത രീതികൾ ഇഷ്ടപ്പെടുന്ന അധ്യാപകരിൽ നിന്നും മാതാപിതാക്കളിൽ നിന്നും എതിർപ്പും അവിശ്വാസവും സ്വാഭാവികവുമാണ്.

ടെക്നോളജിക്ക് അമിതപ്രാധാന്യം ലഭിക്കുമ്പോൾ ആത്മീയതയിലുള്ള താൽപര്യം കുറയുന്നതിനു സാധ്യതയുണ്ട്. ദൈവത്തെയും ആത്മീയതയെയും മാറ്റിവച്ച് ടെക്നോളജിയിൽ അഭിരമിക്കുവാനുള്ള ചോദന വിദ്യാർത്ഥികളിൽ ഉണ്ടാകാം. ഒപ്പം മതപരമായ അനുഭവങ്ങളുടെ ആധികാരികതയും അർത്ഥപൂർണ്ണതയും ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഉപയോഗം വഴി മുഖാമുഖമുള്ള ഇടപെടലുകൾ (face-to-face interactions) കുറയും. ആശയവിനിമയശേഷിയും, കരുണ, സഹാനുഭൂതി മുതലായ മൂല്യങ്ങൾ കൃത്യമായി സംവേദനം ചെയ്യുന്നതും പരിമിതപ്പെടുന്ന സാഹചര്യമുണ്ട്.

പ്രസംഗങ്ങൾ തയ്യാറാക്കുന്നതിനും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിനും എഐ ഉപയോഗിക്കുന്നതു വഴി മനുഷ്യരുടെ സ്വാഭാവികമായ ഇടപെടലുകൾക്കും അന്വേഷണാത്മകതയ്ക്കും ക്രിയാത്മകതയ്ക്കും പരിമിതി ഉണ്ടാകുന്നു. ലൈബ്രറിയിൽ ചെന്ന് പുസ്തകങ്ങൾ വായിച്ചു നോട്ടുകൾ കുറിച്ചെടുത്തു പഠിക്കുന്ന രീതി കാലഹരണപ്പെട്ടതായി വിദ്യാർത്ഥികൾക്ക് തോന്നാം.

പരിശുദ്ധ സഭയാണ് തിരുവചനം ലോകത്തിനു നൽകിയതും വ്യാഖ്യാനിക്കുന്നതും. എന്നാൽ ഇന്റർനെറ്റിലുള്ള വികലമായ അഭിപ്രായങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും പ്രാധാന്യം വർദ്ധിക്കുന്നതു വഴി ആത്മീയവും ധാർമികവും ആരാധനാപരവുമായ കാര്യങ്ങളിൽ സഭയുടെ പ്രബോധനത്തോടു അവ പൊരുത്ത പൊരുത്തപ്പെടണമെന്നില്ല. അപ്പോൾ വിശ്വാസി കൾക്കിടയിൽ സംശയങ്ങളും തെറ്റിദ്ധാരണകളും ഉണ്ടാകും. ഉത്തരങ്ങൾ ആധികാരികമായ സ്രോതസ്സുകളിൽ നിന്നും തേടുന്നതിനു പകരം അവർ നിർമ്മിതബുദ്ധിയെ വീണ്ടും ആശ്രയിക്കും.

ഇന്റർനെറ്റിലൂടെ ലഭിക്കുന്ന വിവരങ്ങളും അഭിപ്രായങ്ങളും പക്ഷപാതപരമാകാം (biased information). ടെക്നോളജിയുടെ ഉപയോഗം വഴി ലഭിക്കുന്ന വിവരം ശരിയാണ് എന്ന തെറ്റിദ്ധാരണ ഉണ്ടാകാം. അതിനാൽ ശ്രദ്ധാപൂർവ്വം വിവേചനത്തോടെ കാര്യങ്ങളെ വിശകലനം ചെയ്യാത്തവർ തെറ്റിദ്ധരിക്കപ്പെടും. ഉള്ളടക്കത്തിന്റെ സത്യസന്ധത നിർണയിക്കുവാനുള്ള പ്രാപ്തി എല്ലാവർക്കും ഇല്ല. നിർമ്മിതബുദ്ധി വഴി ലഭ്യമാകുന്ന അറിവുകൾ എത്രത്തോളം കൃത്യവും പ്രസക്തവും ഉചിതവുമാണ് എന്ന് വിവേചിച്ചറിയുവാനുള്ള പ്രാപ്തി അധ്യാപകരും കുട്ടികളും ആർജിക്കണം. എങ്കിൽ മാത്രമേ ഇവയുടെ ഉപയോഗം കൃത്യമാവുകയുള്ളൂ. ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യുമ്പോൾ മാത്രമാണ് സൺഡേസ്കൂൾ പ്രസ്ഥാനത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഉപയോഗം പൂർണ്ണതോതിലാവുകയുള്ളൂ.

ഉപസംഹാരം

ആശയവിനിമയത്തിന്റെ മേഖലയിൽ വിപ്ലവകരമായ മാറ്റമാണ് നിർമ്മിതബുദ്ധിയുടെ വികാസത്തിലൂടെ ഉണ്ടായിരിക്കുന്നത്. നാം ജീവിക്കുന്ന ചുറ്റുപാടിൽ ഇവയുടെ സ്വാധീനം വ്യക്തമാണ്. എ. ഐ ഉൾപ്പെടെയുള്ള നിർമ്മിത സാങ്കേതികതാജ്ഞാനത്തിന്റെ ക്രിയാത്മകമായ ഉപയോഗം സൺഡേസ്കൂളിലും അനിവാര്യമായിരിക്കുന്നു. വിവേകത്തോടും വിവേചനത്തോടും ഈ മേഖലയെ സമീപിക്കുവാൻ നാം തയ്യാറാകേണ്ടതായ കാലമാണിത്. സ്വതന്ത്രമായി നിർമ്മിതബുദ്ധി ഉപയോഗിക്കുന്നതിനുള്ള സാഹചര്യം വിദ്യാർത്ഥികൾക്കു ലഭ്യമായിരിക്കുന്ന പശ്ചാത്തലത്തിൽ കൃത്യമായ മാർഗ്ഗനിർദ്ദേശവും പരിശീലനവും ഈ മേഖലയിൽ ലഭ്യമാക്കുവാനുള്ള ഉത്തരവാദിത്തം വൈദികർക്കും സൺഡേസ്കൂൾ അധ്യാപകർക്കും ഉണ്ട്. •

ബാലപംക്തി

പുതിയ മനുഷ്യനെ ധരിക്കുക

ഫാ. ജോസ് തോമസ് പൂവത്തുങ്കൽ

പ്രിയ കുഞ്ഞുങ്ങളെ,

പുതുവൽസരങ്ങൾ പലതാണ് നമുക്ക്. ഗ്രിഗോറിയൻ കലണ്ടർ പ്രകാരമുള്ള പുതിയ വർഷത്തിലേക്കാണ് നാമിപ്പോൾ പ്രവേശിച്ചിരിക്കുന്നത്. ജൂലിയസ് സീസർ രൂപകൽപ്പന ചെയ്ത റോമൻ കലണ്ടറിന്റെ (ജൂലിയൻ കലണ്ടർ) പുതുക്കിയ രൂപമാണിത്. ജൂലിയൻ കലണ്ടറിലെ ചില കുറവുകൾ പരിഹരിക്കുവാൻ, റോമൻ പാപ്പ ആയിരുന്ന ഗ്രിഗറി പതിമൂന്നാമൻ പരിഷ്ക്കരിച്ച്, 1582 ൽ പ്രസിദ്ധീകരിച്ചതാണിത്. പ്രാരംഭദശയിൽ, ഈ പുതുക്കിയ കലണ്ടർ പല രാജ്യങ്ങളും മതസമൂഹങ്ങളും സഭകളും ഉപയോഗിക്കുവാൻ മടികാണിച്ചുവെങ്കിലും, ക്രമേണ ഭൂരിപക്ഷം പേരും ഇത് ഉപയോഗിച്ചുതുടങ്ങി. എങ്കിലും, ഇതിനോടു ചേർന്ന് പലയിടങ്ങളിലും തങ്ങളുടേതായ പുരാതന കലണ്ടറുകളും ഇപ്പോഴും പല സമൂഹങ്ങളും രാജ്യങ്ങളും ഉപയോഗിക്കുന്നുണ്ട്. പല രാജ്യങ്ങളിലുമുള്ള സഭകളിന്നും, വിശേഷ ദിവസങ്ങൾ/പെരുന്നാളുകൾ എന്നിവ നിശ്ചയിക്കുവാൻ ജൂലിയൻ കലണ്ടറാണ് ഉപയോഗിക്കുന്നത്.

ഇന്ത്യയിലും വിവിധങ്ങളായ കലണ്ടറുകൾ നിലവിലുണ്ടെങ്കിലും ശകവർഷമാണ് ദേശീയ കലണ്ടർ. 1957 മാർച്ച് 22 നാണിത് ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടത്. ഗ്രിഗോറിയൻ കലണ്ടറനുസരിച്ചുള്ള എഴുപത്തിയെട്ടാം വർഷമാണ് ശകവർഷം ആരംഭിക്കുന്നത്. അതായത്, 2025 എന്നത് ശകവർഷം 1946/1947 ആണ്. ഭാരതീയ പാരമ്പര്യമനുസരിച്ച്, രാജാവ് കനിഷ്കൻ സിംഹാസനത്തിലേറിയ വർഷമാണ് എ.ഡി. 78. ശതവാഹന രാജവംശം (ആന്ധ്രാക്കാർ) ശാകന്മാരെ തോൽപ്പിച്ച് അധികാരത്തിലേറിയതാണ് ശകവർഷത്തിന്റെ ആരംഭമെന്നും ഒരു പാരമ്പര്യമുണ്ട്. പിന്നീടുള്ളത് ഹിജ്റ വർഷമാണ്. കേരളത്തിൽ അറബിമാസം എന്ന് വിളിക്കപ്പെടുന്ന ഇസ്ലാമിക കലണ്ടറാണിത്. ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഈ കലണ്ടർ മുഹമ്മദ് നബി മക്കയിൽ നിന്നും മദീനയിലേക്ക് പലായനം (ഹിജ്റ) ചെയ്ത ക്രിസ്തുവർഷം 622 മുതലുള്ള കാലഗണനമാണിത്. ഹിജ്റ കലണ്ടറിൽ 12 മാസങ്ങൾ ഉണ്ടെങ്കിലും 354/355 ദിവസങ്ങളെ ഉള്ളൂ. ഗ്രിഗോറിയൻ കലണ്ടറനുസരിച്ചുള്ള ദിവസങ്ങളേക്കാൾ 10/11 ദിവസങ്ങൾ കുറവ്. ആയതിനാൽ, ഹിജ്റ വർഷം ഗ്രിഗോറിയൻ വർഷത്തിലേക്ക് മാറ്റണമെങ്കിൽ, ഹിജ്റ വർഷത്തെ 33 കൊണ്ട് ഹരിച്ചിട്ട് 32 കൊണ്ട് ഗുണിക്കണം എന്നിട്ട് കിട്ടുന്നതിനോട് 622 കൂട്ടിയാൽ ഗ്രിഗോറിയൻ വർഷം കിട്ടും. [Gregorian Year = (Hijra Year ÷ 33 x 32) + 622] അല്ലെങ്കിൽ ഹിജ്റ വർഷത്തെ 0.97 കൊണ്ട് ഗുണിച്ചിട്ട് 622 കൂട്ടുക [Gregorian Year = (Hijra Year x 0.97) + 622].

ഇവ കൂടാതെ, ഇന്ത്യയിൽ ഓരോ സംസ്ക്കാരവും ദേശവ്യത്യാസങ്ങളുമനുസരിച്ച് വിവിധയിനം കലണ്ടറുകൾ നിലവിലുണ്ട്. അപ്രകാരം, കേരളത്തിന്റെ അല്ലെങ്കിൽ മലയാളി യുടെ കലണ്ടറാണ് ചിങ്ങം ഒന്നിന് പുതിയ വർഷം ആരംഭിക്കുന്ന മലയാള വർഷം എന്ന് മറുപേരുള്ള കൊല്ലവർഷം എന്ന കാലഗണന രീതി. എ. ഡി. 825 ആഗസ്റ്റ് 25-നാണിത് ഉപയോഗത്തിൽ വരുന്നത്. വേണാട്ടിലെ രാജാവായിരുന്ന രാജശേഖരവർമ്മയാണിത് തുടങ്ങിയതെന്നാണ് വിശ്വാസം. തദ്ദേശീയ സഭയായ മലങ്കര ഓർത്തഡോക്സ് സഭ പിന്തുടരേണ്ടത് ഗ്രിഗോറിയൻ കലണ്ടറിനു പകരം കൊല്ലവർഷമല്ലേ എന്ന ആശയം സർവ്വരുടേയും ചിന്തയ്ക്കായി സമർപ്പിക്കുന്നു.

ഏതു കലണ്ടർ ഉപയോഗിച്ചാലും, നാമെല്ലാവരും പുതുവൽസരാശംസകൾ നേരാറുണ്ട്. 'Happy New Year' ആശംസിക്കാത്തവരായി ആരുമുണ്ടാകില്ല. പൗരസ്ത്യ ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ 'Happy New Year' നേരുന്നതിനു പകരം 'Blessed New Year' (ശാത്തോ

ഹാദ്തോ (ബ്രീക്തോ) ആശംസിക്കുകയാണ് പതിവ്. പുതുവർഷാരംഭ ദിനത്തിലെ പ്രാർത്ഥന കൾ ശ്രദ്ധിച്ചാലത് മനസ്സിലാകും. പാമ്പാക്കുട നമസ്ക്കാരത്തിലെ ഒരു പ്രാർത്ഥനാഭാഗം ഇപ്രകാരമാണ്: *"....നിന്റെ കൃപയാൽ സംവൽസരത്തിന്റെ കിരീടത്തേയും മാസങ്ങളെയും ദിവസങ്ങളെയും നാഴികകളെയും ഞങ്ങൾക്ക് ഗുണകരമായ വിധത്തിൽ നീ ക്രമപ്പെടുത്തി വാഴ്ത്തണമെ".* മറ്റൊരുഭാഗത്ത്, *"... ഈ സംവൽസരത്തിൽ നിന്റെ കൃപയാൽ കൃഷികളെയും സർവ്വഫലങ്ങളെയും ഞങ്ങൾക്കുള്ള സകലത്തേയും നിന്റെ തൃക്കൈ നീട്ടി കൃപയോടെ വാഴ്ത്തണമെ".* വിളവെടുപ്പ് കഴിഞ്ഞ് ധാന്യങ്ങളും ഫലമൂലാദികളും കൂട്ടിയിട്ടിരിക്കുന്നത് ഒരു പിരമിഡ് രൂപത്തിലല്ലേ. അതൊരു കിരീടത്തിന്റെ ആകൃതിയാണ്. സംവൽസരത്തിന്റെ കിരീടം മനുഷ്യന്റെ അദ്ധ്വാനഫലമാണ്. അവയെ വാഴ്ത്തുവാനും, നല്ല കാര്യവിചാരകത്വത്തോടെ ക്രമമായി അവയെ വിനിയോഗിക്കുവാനുമുള്ള വിവേകവും കഴിവും ലഭിക്കുവാനുള്ള അപേക്ഷയും കൂടിയാണത്.

മഴയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനയിൽ നാം ഇപ്രകാരം ചൊല്ലുന്നു: *"... വാഴ്വിന്റെ മഴയെയും ചാറൽ മഴയെയും നീ ഞങ്ങളുടെ മേൽ പെയ്യിക്കണമേ.... പന്ത്രണ്ട് ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ സംവൽസരത്തിന്റെ പന്ത്രണ്ട് മാസങ്ങളേയും വാഴ്ത്തണമെ."* ദൈവത്തിന്റെ അനുഗ്രഹങ്ങളും വാഴ്വുകളുമാണ് മനഷ്യരുടേയും സർവ്വ ചരാചരങ്ങളുടേയും നന്മയ്ക്കും ഐശ്വര്യത്തിനും നിദാനം. ആ വാഴ്വുകൾ വർഷം മുഴുവനും ലഭിക്കുവാനും അതിലൂടെ നല്ല ജീവിതം സർവ്വർക്കും പ്രാപ്തമാകുവാനും നാം പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ഇവിടെ *"ലോകാ സമസ്താ സുഖിനോ ഭവന്തു"* (സമസ്ത ലോകത്തിലുമുള്ളവർക്ക് ക്ഷേമമുണ്ടാകട്ടെ) എന്ന ഭാരതീയ പ്രാർത്ഥനാമന്ത്രവും സന്ദർഭവശാൽ ഓർത്തുപോകുന്നു. സർവ്വർക്കും ആനന്ദവും സന്തോഷവും സമാധാനവും പ്രഘോഷിച്ചുകൊണ്ടുള്ളതാണല്ലോ യേശുക്രിസ്തുവിന്റെ തിരുപ്പിറവിയും. ആയതിനാൽ, നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിനും ഈ കാലഘട്ടത്തിൽ വളരെയേറെ സാംഗത്യമുണ്ട്.

നന്മകളും വാഴ്വുകളും അനുഗ്രഹങ്ങളും സർവ്വർക്കും ലഭിക്കുവാനുള്ള അനുഷ്ഠാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വാർഷിക ആരാധനാ കലണ്ടറാണ് പരിശുദ്ധ സഭ ക്രമീകരിച്ചിരിക്കുന്നത്. പരിശുദ്ധ സഭയുടെ ആരാധനാ കലണ്ടർ പ്രകാരം കൂദോശ് ഈത്തോ ഞായറാഴ്ച്ചയാണ് സഭയുടെ ആരാധനാവർഷം ആരംഭിക്കുന്നത്. നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷാ കാലഘട്ടവുമായി ബന്ധിപ്പിച്ച് നാം യേശുക്രിസ്തുവിന്റെ ജീവിതത്തിലൂടെ സഞ്ചരിക്കുകയാണ് ഈ ആരാധനവർഷത്തിലൂടെ. അത് വെറുമൊരു ഓർമ്മ പുതുക്കലല്ല, മറിച്ച്, നാമതിന്റെ ഭാഗഭാക്കാകുകയാണ്. ഓരോ സംഭവങ്ങളിലൂടെ കടന്നുപോകുമ്പോഴും ആരാധനയിലൂടെ കാലദേശ സമയങ്ങൾക്കതീതമായി നാം ആ കാലഘട്ടത്തിൽ യേശുക്രിസ്തുവിനോടൊപ്പം ജീവിക്കുകയാണ്. ജനനപ്പെരുന്നാളിൽ സംബന്ധിക്കുമ്പോൾ, ആട്ടിടയരോടൊപ്പവും, വിദ്വാന്മാരോടൊപ്പവും. ബേത്‌ലഹേമിൽ ശിശുവായ യേശുവിന്റെ അടുക്കൽ ഉണ്ട്; ദനഹായിൽ യോർദാൻ നദിയുടെ തീരത്ത് നാം ഉണ്ട്; ഓശാനയിൽ ഒലീവ് മല ഇറങ്ങിവരുന്ന ജനസമൂഹത്തോടൊപ്പം ഓശാന പാടിക്കൊണ്ട് നാം അവരിൽ ഒരാളായി അവിടെയുണ്ട്; പെസഹാ ഭുജിക്കുവാൻ മർക്കോസിന്റെ മാളികയിൽ; ഗോഗുൽത്തായിൽ ക്രൂശിന്റെ സമീപത്ത് നാം നിൽക്കുന്നു; ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ അടുക്കൽ മഗ്ദലമറിയത്തോടൊപ്പവും പിന്നീട് ശിഷ്യന്മാരോടൊപ്പവും; സ്വർഗ്ഗാരോഹണസമയത്ത് അവിടേയും നമ്മുടെ സാന്നിദ്ധ്യം ഉണ്ട്; പെന്തിക്കോസ്തിദിനത്തിൽ സെഹിയോൻ മാളികയിലും നാമുണ്ട്. അങ്ങിനെ സർവ്വസമയത്തും യേശുവിനോടൊപ്പം സന്തത സഹചാരിയായി ജീവിച്ചുകൊണ്ട്, യേശുവിനെപ്പോലെ ആയിത്തീർന്ന്, പരിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ക്രിസ്തുവിനെ ധരിച്ചവരായിത്തീരുന്നു, പുതുക്കപ്പെടുന്നു. പഴയതിനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്നു. പാമ്പാക്കുട നമസ്ക്കാരക്രമത്തിൽ ഇപ്രകാരം കാണുന്നു: *"... ഞങ്ങൾക്കു കൽപ്പിക്കപ്പെട്ടിരിക്കുന്ന നിയമങ്ങളെ ശരിയായി ആചരിപ്പാനും പഴയ മനുഷ്യരെ ഉരിഞ്ഞുകളവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ".* വീണ്ടും, *"... കർത്താവേ! ഈ പുതിയ വൽസരാരംഭത്തിൽ ഞങ്ങൾ പുതിയവരായിത്തീർന്ന് നിനക്ക് ഇഷ്ടമുള്ള വിധത്തിൽ ജീവിപ്പാനും ഇടയാക്കണമേ..." എന്നും നാം പ്രാർത്ഥിക്കുന്നു.*

യൂദാസ് ഇസ്ക്കരിയോത്തായ്ക്ക് പകരം ഒരാളെ തിരഞ്ഞെടുക്കുന്ന സമയത്ത്, തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയുടെ യോഗ്യത എന്തായിരിക്ക

ണമെന്ന് അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 1:21-23 ൽ വിവരിച്ചിരിക്കുന്നത്: *“ആകയാൽ കർത്താവായ യേശു യോഹന്നാന്റെ സ്നാനം മുതൽ നമ്മെ വിട്ട് ആരോഹണം ചെയ്ത നാൾ വരെ നമ്മുടെ ഇടയിൽ സഞ്ചരിച്ചുപോന്ന കാലത്തെല്ലാം ഞങ്ങളോടുകൂടെ നടന്ന പുരുഷന്മാരിൽ ഒരുത്തൻ ഞങ്ങളോടുകൂടെ അവന്റെ പുനരുത്ഥാനത്തിന് സാക്ഷിയായിത്തീരേണം”.*

അപ്രകാരം, ആരാധനവർഷത്തിലൂടെ യേശുക്രിസ്തുവിന്റെ ജീവിതത്തിന് സാക്ഷികളായിത്തീർന്നുകൊണ്ട്, യേശുക്രിസ്തുവിന്റെ ശിഷ്യഗണത്തിലെ അംഗങ്ങളായിത്തീരുന്നു. മാമോദീസായിലൂടെ അതിനു തുടക്കം കുറിക്കുന്നു: പരിശുദ്ധ പൗലോസ് ശ്ലീഹ റോമർക്ക് എഴുതിയ ലേഖനം 6:3-5 ൽ *“യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും”* അവസാനമില്ലാത്ത തേജസ്ക്കരണം എന്ന പ്രക്രിയ ഇവിടെ ആരംഭിക്കുന്നു. നമ്മുടെ ജീവിതലക്ഷ്യവും ഇതുതന്നെയാണ്.

സ്നേഹത്തോടെ,

ജോസച്ചൻ

ഓർത്തഡോക്സ് സൺഡേസ്കൂൾ പ്രതിഭകൾ

ഒ.എസ്.എസ്.എ.ഇ. സോണൽതലത്തിൽ നടന്ന മത്സരങ്ങളിൽ വിജയികളായവരെ പങ്കെടുപ്പിച്ചുകൊണ്ട് അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തിയ പാഠ്യേതര മത്സരങ്ങളിൽ താഴെ പറയുന്നവർ വിജയികളായി.

വേദവചന ഭൂഷൺ: ലിയാ റജി, സെന്റ് തോമസ് പുത്തൻപള്ളി, ത്രിപ്പലഴികം, കുണ്ടറ, കൊല്ലം; **വിജ്ഞാനി:** ഷാരോൺ കെ.സി., മാർ ബസേലിയോസ്-മാർ ഗ്രിഗോറിയോസ് മൂലേപ്പാട്ട്, കുന്നംകുളം; **പ്രവീൺ:** ക്രിസ് വർഗീസ് ഏബ്രഹാം, സെന്റ് പീറ്റേഴ്സ്, കോലഞ്ചേരി, കണ്ടനാട് വെസ്റ്റ്; ഏഞ്ചല മറിയം മാത്യു, സെന്റ് തോമസ്, തേവര, കൊച്ചി; **വാഗ്മീതിലകം :** ഹന്ന ബാബു, എം.കെ.എം. പിറവം, കണ്ടനാട് ഈസ്റ്റ്; **ഗാനസുഗന്ധി:** സ്റ്റീവ് സന്തോഷ്, സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ്, പടമുകൾ, കൊച്ചി.

പ്രതിഭാ മത്സരങ്ങൾ സൺഡേസ്കൂൾ ഡയറക്ടർ ജനറൽ ഫാ. ഡോ. വർഗീസ് വർഗീസ് ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ചെറിയാൻ തോമസ്, പരീക്ഷാ കൺട്രോളർ ഡോ. ഐപ് വർഗീസ്, ഓഫീസ് അഡ്മിനിസ്ട്രേറ്റർ ഫാ. ബ്രിജിത് കെ. ബേബി എന്നിവർ പ്രസംഗിച്ചു.

ഓണററി ഡോക്ടറേറ്റ് ലഭിച്ചു

ചെങ്ങന്നൂർ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ ശ്രീ ജേക്കബ് ഉമ്മന് ഏഷ്യൻ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള ഗ്ലോബൽ ഹ്യൂമൻ റൈറ്റ്സ് ട്രസ്റ്റിന്റെ സാമ്പത്തിക - സഭാ നേതൃത്വ മേഖലകളിലെ സേവനത്തിനു ഓണററി ഡോക്ടറേറ്റ് ലഭിച്ചു.

14 ബൈബിൾ & ചർച്ച് ക്വിസ്

ഫാ. മാത്യൂസ് കാഞ്ഞിരംപാറ

Total Marks 75

A. പഴയനിയമം (ഉത്തരങ്ങളോടൊപ്പം വേദഭാഗവും എഴുതണം)

1. വിശുദ്ധ വേദപുസ്തകത്തിൽ ഒരുപോലെയുള്ള രണ്ട് സങ്കീർത്തനങ്ങൾ ഉണ്ട്. അവ ഏതെല്ലാം?
2. താൻ പണിത പട്ടണത്തിന് തന്റെ മകന്റെ പേരിട്ട ആൾ ആര്? ആ പട്ടണത്തിന്റെ പേരെന്ത്? (Ref. ഉല്പത്തി)
3. ആദാം മുതൽ നോഹവരെയുള്ള പിതാക്കന്മാരിൽ ഏറ്റവും കൂടുതൽ വർഷം ജീവിച്ചിരുന്നത് ആര്?
4. സങ്കേത നഗരങ്ങൾ എത്ര? അവ എവിടെ സ്ഥിതി ചെയ്യുന്നു? (Ref. സംഖ്യപുസ്തകം)
5. ശലോമോൻ രാജാവ് യഹോവയുടെ ആലയം പണിതത് ഏത് പർവ്വതത്തിലായിരുന്നു? (Ref. ദിനവൃത്താന്തം)

B. പുതിയനിയമം (ഉത്തരങ്ങളോടൊപ്പം വേദഭാഗവും എഴുതണം)

1. "നീ ഭയപ്പെടാതെ പ്രസംഗിക്കുക, മിണ്ടാതിരിക്കരുത്. ഞാൻ നിന്നോട് കൂടെയുണ്ട്". ആര്, ആരോട്, എപ്പോൾ പറഞ്ഞു. (Ref. അ. പ്ര.)
2. 'ബുധൻ' എന്ന് മറുപേരുള്ള വ്യക്തി ആര്? (Ref. അ. പ്ര.)
3. താഴെ കാണുന്നതിൽ ശരിയായ പദം ചേർത്ത് പൂരിപ്പിക്കുക. "ഈ അപ്പം തിന്നുകയും പാനപാത്രം കുടിയ്ക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ .... പ്രസ്താവിക്കുന്നു." (Ref. കൊരിന്ത്യ ലേഖനം)
   a) വീണ്ടും വരവിനെ b) മരണത്തെ c) കഷ്ടതയെ d) മനുഷ്യാവതാരത്തെ
4. നിലം വിറ്റ് പണം അപ്പൊസ്തലന്മാരുടെ കാൽക്കൽ വച്ച ലേവ്യന്റെ പേര് ഏതാണ്? (Ref. അ.പ്ര.)
5. വി. മത്തായി 11:3-ൽ യോഹന്നാൻ തന്റെ ശിഷ്യന്മാർ വഴി ക്രിസ്തുവിനോട് ചോദിച്ച ചോദ്യം വി. ലൂക്കോസിന്റെ സുവിശേഷത്തിലും കാണുന്നു. വേദഭാഗം എഴുതുക..

C. സഭാസംബന്ധമായവ

1. പട്ടക്കാരുടെ കുക്കിലിയോന് ആധാരമായ സങ്കീർത്തനഭാഗം ഏത്?
2. നമ്മുടെ സഭയിലെ വിവാഹ കൂദാശയിലെ 'ഭാരതീയ ആചാരം' ഏതാണ്? (ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക).
   a) കൈ പിടിപ്പിക്കുന്നത് b) മിന്നുകെട്ട്/താലികെട്ട് c) കിരീടവാഴ്വ് d) മന്ത്രകോടി അണിയിക്കൽ
3. 'സെഹിയോൻ മാളിക'യുടെ മറ്റൊരു പേര് എന്ത്?
4. 'കന്തീലാ' എന്ന വാക്കിന്റെ അർത്ഥമെന്ത്?
5. 'നിശ്ചിത തീയതി' ഇല്ലാത്ത മാറാനായ പെരുന്നാൾ ഏത്?

ബൈബിൾ & ചർച്ച് ക്വിസ് 12ന്റെ ശരിയുത്തരം

A

1. 7 ശാബത് വർഷം കഴിഞ്ഞുവരുന്ന 50-ാമത്തെ വർഷമാണ് യോബേൽ (ജൂബിലി) വർഷം (ലേവ്യ 25:8-11)
2. 5
   1. അരാരാത്ത് - ഉല്പത്തി 8:4
   2. സെഫാർ - ഉല്പത്തി 10:30
   3. മോറിയാ - ഉല്പത്തി 22:2
   4. സെയിർ - ഉല്പത്തി 14:6, 36:8
   5. ഗിലയാദ് - 31:21, 23
3. ശലോമോന് (1. രാജാ. 4:29)
4. ഹോശേയാ (സംഖ്യ. 13:16)
5. 2 ദിനവൃത്താന്തം 36:22, 23)

B

1. റോമാലേഖനം - (16:22)
2. ആഭിചാരക്കാരൻ ശീമോൻ (അ. പ്ര. 8: 18, 19)
3. "നിനക്ക് നന്മ ഉണ്ടാകുവാനും, നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" (എഫേസ്യർ 6:2, 3)
4. 'അതെ; സർവ്വ ശക്തിയുള്ള ദൈവമായ കർത്താവേ നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ (വെളി. 16:7)
5. (b) ശതാധിപൻ (ലൂക്കൊ. 23:47)

C

1. സങ്കീർത്തനം 132:9-12
2. (c) വിവാഹം
3. (d) 8 ക്രമങ്ങൾ
4. ശ്ഹീമാ നമസ്കാരത്തിൽ ശനിയാഴ്ച സന്ധ്യയുടെ കോലോ.
5. ദൂരസ്ഥർ, സമീപസ്ഥർ, ജീവനുള്ളവർ, വാങ്ങിപ്പോയവർ, കർത്താവിന്റെ വിജയ സ്ലീബായാൽ രക്ഷിക്കപ്പെട്ടവർ, വി. മാമോദീസായുടെ റൂശ്മായാൽ മുദ്രയിടപ്പെട്ടവർ എന്നിവരെ.

ക്വിസ് 12-ന്റെ ഉത്തരം അയച്ചുതന്നവർ

		മാർക്ക് (75-ൽ)
1.	ഡോ. ഹന്ന, ജോൺ സെന്റ് തോമസ് കത്തീഡ്രൽ, മൂവാറ്റുപുഴ	75
2.	ഡോ. സൂസൻ വർഗീസ്, സെന്റ് തോമസ് പള്ളി, നട്ടാശ്ശേരി	75
3.	അല്ലി ജോഷി, സെന്റ് മേരീസ് കത്തീഡ്രൽ, പഴഞ്ഞി, കുന്നംകുളം	75
4.	അമ്മിണി പോൾ, എച്ച്. എം. എം. കെ. എം. സൺഡേസ്കൂൾ, പിറവം	75
5.	വത്സ ബാബു, പെരുമ്പാട്ട്, കണ്യാട്ടുനിരപ്പ്	75
6.	മിനി ജേക്കബ്, കുന്നത്ത്, കൊട്ടാരക്കര	75
7.	ഓമന രാജൻ, വട്ടക്കാവ്, കോന്നി, തുമ്പമൺ	75
8.	റൂബി രാജു, സെന്റ് ഗ്രീഗോറിയോസ് എസ്. എസ്., കുമ്പഴ, തുമ്പമൺ	75
9.	ഓമന തങ്കച്ചൻ, കൊന്നപ്പാറ, പയനമൺ, തുമ്പമൺ	75
10.	വിജി ബിജു, സെന്റ് മത്തിയാസ് എസ്. എസ്., കുന്നംകുളം	75
11.	ലില്ലി മാത്യു, വട്ടക്കാവ്, കോന്നി, തുമ്പമൺ	75
12.	റെനി ജോസ്, മാർ ഏലിയാ കത്തീഡ്രൽ, കോട്ടയം	75
13.	സിൽന ഷൈൻ, സെന്റ് തോമസ് എസ്. എസ്. തഴവ, കൊല്ലം	75
14.	ക്രിസ്റ്റീന ആൻ സണ്ണി, മാർ ബസ്സേലിയോസ് എസ്. എസ്. കരിപ്പക്കുന്ന്	75
15.	സംഗീത സണ്ണി, പുൽപ്രയത്ത്, സിറ്റി ഗാർഡൻ, പട്ടിക്കാട്	75
16.	സൂസൻ തങ്കച്ചൻ, സെന്റ് ജോർജ്ജ് എസ്. എസ്. ചേപ്പാട്	75
17.	ബിനി ഷിനു, മാർ കുറിയാക്കോസ് സൺഡേസ്കൂൾ, കല്ലേലി, കോന്നി, തുമ്പമൺ	75
18	സൂസൻ ജോസഫ്, സെന്റ് ജോർജ്ജ് എസ്. എസ്. ചേപ്പാട്	72
19.	ഷൈനി ഷാബു, സെന്റ് തോമസ് പള്ളി, കല്ലേലി, തുമ്പമൺ	72
20.	ജിബി ജോൺ, സെന്റ് മേരീസ് എസ്. എസ്. വലമ്പൂർ	70
21.	ഷീല ബെന്നി, സെന്റ് ജോൺസ് പള്ളി, കണ്യാട്ടുനിരപ്പ്	70
22.	ജിനി സിബി, സെന്റ് തോമസ്, കല്ലേലി, തുമ്പമൺ	68
23.	ഒരു അജ്ഞാത നാമാവ്	65
24.	സീമ ഷിജി, സെന്റ് ജോർജ് എസ്. എസ്. കൈതപ്പറമ്പ്	60
25.	മാത്യൂസ് പി. കെ. സെന്റ് ജോർജ്ജ് എസ്. എസ്. ചേപ്പാട്	60
26.	ബേബി കെ. യു., എച്ച്. എം. സെന്റ് മേരീസ് എസ്. എസ്. ആർത്താറ്റ്	58
27.	എലിസബത്ത് ജോസഫ്, മാർ ബർസൗമ പള്ളി, പനയ്ക്കൽ, തുമ്പമൺ	58
28.	മോനി വർഗീസ്, സെന്റ് ഗ്രീഗോറിയോസ് എസ്. എസ്. പ്ലാവേലി, തുമ്പമൺ	40

ഉത്തരം അയച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം അയച്ച 1 മുതൽ 17 വരെയുള്ളവർ സമ്മാനാർഹരാണ്.

ക്വിസ് മാസ്റ്റർ

ബൈബിൾ & ചർച്ച് ക്വിസ് 13ന്റെ ശരിയുത്തരം

A

1. അശ്പെനാസ് (ദാനിയേൽ 1:3 & 7)
2. യിരെമ്യാവ് (49:16)
3. വിശുദ്ധരായതുകൊണ്ട് (2 ദിനവൃ. 23:6)
4. നീതിയും ന്യായവും പ്രവർത്തിക്കുന്നത് (സദൃശ്യ 21:3)
5. "അരിഷ്ടനും, മനസ്സ് തകർന്നവനും, എന്റെ വചനത്തിൽ വിറയ്ക്കുന്നവരുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും." (യെശ്ശയ്യാ 66:2)

B

1. യേശു ദൈവ പുത്രനായ ക്രിസ്തുവെന്ന് നാം വിശ്വസിക്കേണ്ടതിനും, വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നമുക്ക് ജീവൻ ഉണ്ടാകേണ്ടതിനും (യോഹ. 20:31)
2. 9 കൃപാവരങ്ങൾ (1 കൊരി. 12:8–10)
   1. ജ്ഞാനത്തിന്റെ വരം
   2. പരിജ്ഞാനത്തിന്റെ വരം
   3. വിശ്വാസത്തിന്റെ വരം
   4. രോഗശാന്തിവരം
   5. വീര്യപ്രവൃത്തികളുടെ വരം
   6. പ്രവചന വരം
   7. ആത്മാക്കളുടെ വിവേചനം
   8. പലവിധ ഭാഷകൾ
   9. ഭാഷകളുടെ വ്യാഖ്യാനം
3. യാക്കോബ്, കേഫാവ്, യോഹന്നാൻ (ഗലാത്യർ 2:9)
4. എബ്രായ ഭാഷയിൽ (അ. പ്ര. 26:14)
5. (C) പറഞ്ഞുതീരാത്ത ദാനം നിമിത്തം (2 കൊരി. 9:15)

C

1. 2-ാമത്തെ തുബ്ദേൻ
2. വി. കുമ്പസാരം
3. അർമ്മീനിയൻ ഓർത്തഡോക്സ്
4. നക്ഷത്രം
5. 7 മസുമൂറാകൾ
   6, 32, 38, 52, 102
   130 (നമസ്കാര ക്രമത്തിൽ 129)
   143 (നമസ്കാര ക്രമത്തിൽ 142)

ക്വിസ് 13-ന്റെ ഉത്തരം അയച്ചുതന്നവർ

		മാർക്ക് (75-ൽ)
1.	ഡോ. ഹന്ന, ജോൺ സെന്റ് തോമസ് കത്തീഡ്രൽ, മൂവാറ്റുപുഴ	75
2.	കുര്യൻ ജോസ്, സെന്റ് മേരീസ് കത്തീഡ്രൽ, മണ്ണുക്കുന്ന് മുളക്കുളം	75
3.	അമ്മിണി പോൾ, എച്ച്. എം. എം. കെ. എം. സൺഡേസ്കൂൾ, പിറവം	75
4.	ഡോ. സൂസൻ വർഗീസ്, സെന്റ് തോമസ് എസ്. എസ്. നട്ടാശ്ശേരി	75
5.	മിനി ജേക്കബ്, കുന്നത്ത് വീട്, കൊട്ടാരക്കര	75
6.	ലിൻസി ജോൺസൺ, സെന്റ് ജോൺസ്, ഉളനാട്, തുമ്പമൺ	75
7.	ബിനി ഷിനു മാർ കുറിയാക്കോസ് സൺഡേസ്കൂൾ, കല്ലേലി, കോന്നി	70
8.	ഓമന രാജൻ, സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് എസ്. എസ്. വട്ടക്കാവ്, കോന്നി	70
9.	വത്സ ബാബു, പെരുമ്പാട്ട്, കണ്യാട്ടുനിരപ്പ്	70
10.	ജിബി ജോൺ, സെന്റ് മേരീസ് എസ്. എസ്. വലമ്പൂർ	65
11.	സിനി ഉമ്മൻ, മാർ കുര്യാക്കോസ് കല്ലേലി, കോന്നി	65
12.	സൂസൻ ജേക്കബ്, എം. ജി. എം. എസ്. എസ്. വളഞ്ഞവട്ടം	65
13.	ഷീല ബെന്നി, സെന്റ് ജോൺസ് പള്ളി, കണ്യാട്ടുനിരപ്പ്	65
14.	സൂസൻ ജോസഫ്, സെന്റ് ജോർജ്ജ് എസ്. എസ്. ചേപ്പാട്	65
15.	സിൽന ഷൈൻ, സെന്റ് തോമസ് വലിയപള്ളി, തഴവ	65
16.	വിജി ബിജു, സെന്റ് മത്തിയാസ് എസ്. എസ്. കുന്നംകുളം	65
17.	മോനി വർഗീസ്, സെന്റ് ഗ്രീഗോറിയോസ്, പ്ലാവേലി, കുമ്പഴ	65
18.	മേരി വർഗീസ്, ശാലോം ഭവൻ, വാഴമുട്ടം വെസ്റ്റ്	60
19.	സൂസൻ തങ്കച്ചൻ, സെന്റ് ജോർജ്ജ് എസ്. എസ്. ചേപ്പാട്	60
20.	ഓമന തങ്കച്ചൻ, മണ്ണിൽ, കൊന്നപ്പാറ	55
21.	റൂബി രാജു, സെന്റ് ഗ്രീഗോറിയോസ് എസ്. എസ്. കുമ്പഴ	55
22.	മാത്യൂസ് പി. കെ., സെന്റ് ജോർജ്ജ് എസ്. എസ്. ചേപ്പാട്	50
23.	ഡോ. സിസിലി സാബു, എടപ്പാറയിൽ, പെരുമ്പിള്ളി	50
24.	സീമ ഷിജി, സെന്റ് ജോർജ്ജ് എസ്. എസ്. തൈപ്പറമ്പ്	45

ഉത്തരം അയച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.
മുഴുവൻ മാർക്കും ലഭിച്ച 6 പേരും സമ്മാനാർഹരാണ്

ക്വിസ് മാസ്റ്റർ

ഓർഡർ ഓഫ് സെന്റ് തോമസ്

ലിന്റോ പോൾ ജേക്കബ്, ഓണക്കൂർ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമോന്നത ബഹുമതിയാണ് 'ഓർഡർ ഓഫ് സെന്റ് തോമസ്'. ദൈവശാസ്ത്രം, സാമൂഹ്യസേവനം, എക്യുമെനിസം മുതലായ വിഷയങ്ങളിൽ സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവച്ചവർക്കാണ് നാളിതുവരെ പ്രസ്തുത ബഹുമതി നൽകിവരുന്നത്. മലങ്കരസഭയുടെ പ്രധാന മേലധ്യക്ഷനായ പരിശുദ്ധ കാതോലിക്കാ ബാവായാണ് ഓർഡർ ഓഫ് സെന്റ് തോമസ് നൽകുന്നത്. ലോകശ്രദ്ധ ആകർഷിച്ച ആറു പേർക്ക് ഈ ബഹുമതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബഹുമതി ഏറ്റുവാങ്ങിയ വ്യക്തികളെയാണ് ഈ ലേഖനത്തിൽ പരിചയപ്പെടുത്തുന്നത്.

ഗ്യാനി സെയിൽ സിംഗ്

ഇന്ത്യയുടെ ഏഴാമത്തെ പ്രസിഡന്റായിരുന്ന ജി.എസ്. സിങ് ആണ് പ്രഥമ ഓർഡർ ഓഫ് സെന്റ് തോമസ് ബഹുമതിക്ക് അർഹനാകുന്നത്. 1982 മുതൽ 1987 വരെ ഇന്ത്യയുടെ പ്രസിഡന്റായിരുന്ന ഇദ്ദേഹം പഞ്ചാബിലെ ഫരീദ്കോട്ട് സ്വദേശിയാണ്. മലങ്കരയിൽ 1912-ൽ സ്ഥാപിതമായ കാതോലിക്കേറ്റിന്റെ പ്ലാറ്റിനം ജൂബിലി 1982 സെപ്റ്റംബർ 18-ന് കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽവച്ച് ആഘോഷിച്ചപ്പോൾ പ്രസ്തുത പരിപാടിക്ക് മുഖ്യാതിഥിയായി സന്നിഹിതനായതാണ് അദ്ദേഹം. പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവായാണ് പുരസ്കാരം സമ്മാനിച്ചത്. ശ്രേഷ്ഠ നിയുക്ത കാതോലിക്ക മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, റഷ്യൻ ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് അഭി. വ്ളാഡ്മിർ, എത്യോപ്യൻ സഭയുടെ അഭി. നഥാനിയേൽ, റൊമേനിയൻ ഓർത്തഡോക്സ് സഭയിലെ അഭി. നെസ്തോർ, ബൾഗേറിയൻ ഓർത്തോഡോക്സ് സഭയിലെ അഭി. ജോസഫ്, ഫിൻലാൻഡിലെ ഓർത്തഡോക്സ് സഭയിലെ ബിഷപ്പ് അംബ്രോസിയോസ്, കുസ്തന്തീനോസ് പൊലീസിലെ എക്യുമെനിക്കൽ പാത്രിയാർക്കീസിനെ പ്രതിനിധീകരിച്ച് എമിലാനോസ് എന്നീ മെത്രാപ്പോലീത്താമാരുടെയും, റോമൻ പാപ്പായെ പ്രതിനിധീകരിച്ചു ബിഷപ്പ് മിഖായേൽ ബോസ്കോ മുതലായ ലോക ക്രൈസ്തവ സഭകളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിലായിരുന്നു പുരസ്കാരദാനം. പഞ്ചാബ് മുഖ്യമന്ത്രിയായും ഭാരതത്തിന്റെ ആഭ്യന്തര മന്ത്രിയായും സേവനമനുഷ്ഠിച്ച ജി. എസ്. സിങ് വ്യവസായവത്കരണത്തിനും ഗ്രാമവികസനത്തിനും നടത്തിയ സംഭാവനകൾ എക്കാലവും ഓർമ്മിക്കപ്പെടും. 1994 ഡിസംബർ 25-നു അദ്ദേഹം അന്തരിച്ചു.

പരിശുദ്ധ ബർത്തിലോമ്യോ ഒന്നാമൻ പാത്രിയാർക്കീസ്

കുസ്തന്തീനോസ്പൊലീസിലെ എക്യുമെനിക്കൽ പാത്രിയാർക്കീസായ പരിശുദ്ധ ബർത്തിലോമ്യോ ഒന്നാമൻ പാത്രിയാർക്കീസ് ബാവായ്ക്ക് 2000 നവംബർ 19-നു പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ പരുമലയിൽ വച്ച് ഓർഡർ ഓഫ് സെന്റ് തോമസ് പുരസ്കാരം സമ്മാനിച്ചു. പാശ്ചാത്യ ഓർത്തഡോക്സ് സഭകളുടെ ആത്മീയ പിതാവായി ഗണിക്കപ്പെടുന്ന പരിശുദ്ധ ബർത്തിലോമ്യോ, ശക്തമായ തന്റെ പ്രബോധനങ്ങളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ ലോക ശ്രദ്ധയാകർഷിച്ച വ്യക്തിയാണ്. പരിസ്ഥിതി പ്രശ്നങ്ങളിലുള്ള തന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് 'ഹരിത പാത്രിയാർക്കീസ്' (The Green Patriarch) എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്.

പരിശുദ്ധ കരേക്കിൻ രണ്ടാമൻ

അർമേനിയൻ ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ (സുപ്രീം കാതോലി കോസ് & പാത്രിയർക്കീസ്) പരിശുദ്ധ കരേക്കിൻ രണ്ടാമൻ സുപ്രീം കാതോലിക്കാ ബാവായ്ക്ക് 2008 നവംബർ 6-നു പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവായാണ് ഓർഡർ ഓഫ് സെൻറ് തോമസ് ബഹുമതി നൽകി. മലങ്കര ഓർത്തഡോക്സ് സഭയും അർമേനിയൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള ദീർഘകാലത്തെ സൗഹൃദത്തിന്റെയും സാംസ്കാരിക, സാമൂഹിക സഹകരണത്തിന്റെയും തുടർച്ചയായിട്ട് വീക്ഷിക്കാവുന്ന പരിശുദ്ധ കരേക്കിൻ കാതോലിക്കാ ബാവായുടെയും പ്രതിനിധി സംഘത്തിന്റെയും ഇൻഡ്യ സന്ദർശന വേളയിലായിരുന്നു പുരസ്കാരദാനം. അർമേനിയൻ ജനതയുടെ ദൈനംദിന ജീവിതത്തിന്റെ അഭിവാജ്യ ഘടകമായി അർമേനിയൻ ഓർത്തഡോക്സ് സഭയെ ഇഴുകിചേർക്കുന്നതിൽ സുപ്രധാന പങ്ക് അദ്ദേഹം വഹിച്ചു. രാജ്യത്തെ കുട്ടികളിൽ അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും എക്യുമെനിക്കൽ ചർച്ചകൾക്കും നൽകിയ സേവനങ്ങൾ ലോക ശ്രദ്ധയാകർഷിച്ചതാണ്. കോട്ടയത്ത് മാമ്മൻ മാപ്പിള ഹാളിൽ വച്ചാണ് പുരസ്കാരദാനം നടന്നത്.

പരിശുദ്ധ അബൂനെ പൗലോസ് പാത്രിയർക്കീസ്

എത്യോപ്യൻ ഓർത്തഡോക്സ് തെവ്ഹെദോ സഭയുടെ അഞ്ചാമത്തെ പാത്രിയർക്കീസായിരുന്നു അബൂനെ പൗലോസ്. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവ 2008 ഡിസംബർ 30നു ഓർഡർ ഓഫ് സെന്റ് തോമസ് ബഹുമതി നൽകി അബൂനെ പൗലോസിനെ ആദരിച്ചു. 1908-ൽ സ്ഥാപിതമായ വിദ്യാർത്ഥി പ്രസ്ഥാനമായ MGOCSM ന്റെ നൂറാം വാർഷികം പരുമല സെമിനാരിയിൽവച്ച് നടന്നപ്പോൾ അതിഥിയായി കടന്നുവന്നപ്പോഴാണ് പുരസ്കാരദാനം നിർവഹിച്ചത്. ദാരിദ്ര്യനിർമാർജനം, HIV/എയ്ഡ്സ് രോഗികളുടെ പുനരധിവാസം, കലുഷിതമായിരുന്ന എത്യോപ്യയിൽ സമാധാന അന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനം എന്നിവയിൽ അബൂനെ പൗലോസ് പ്രധാന പങ്ക് വഹിച്ചു. 2012 ഓഗസ്റ്റ് 16നു ഇദ്ദേഹം കാലംചെയ്തു. എത്യോപ്യയിലെ ആഡിസ് അബാബ ഹോളി ട്രിനിറ്റി കത്തീഡ്രലിലാണ് അദ്ദേഹത്തെ കബറടക്കിയത്.

പരിശുദ്ധ അരാം പ്രഥമൻ

2010 ഫെബ്രുവരി 27നു കോലഞ്ചേരിയിൽ വച്ച് സിസിലിയയിലെ അർമേനിയൻ കാതോലിക്കോസ് പരിശുദ്ധ അരാം പ്രഥമൻ ബാവാക്ക് ഓർഡർ ഓഫ് സെന്റ് തോമസ് ബഹുമതി നൽകി. പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാ തന്നെയാണ് പുരസ്കാരം സമ്മാനിച്ചത്. പരിശുദ്ധ അരാം പ്രഥമൻ ബാവാ ലോകപ്രസിദ്ധനായ വേദശാസ്ത്രജ്ഞനും ഗ്രന്ഥകർത്താവുമാണ്. അർമേനിയൻ ജനതയുടെ ആത്മീയ നേതാവും മനുഷ്യാവകാശപ്രവർത്തനങ്ങളുടെ ശക്തനായ വക്താവുമാണ് പരിശുദ്ധ ആരാം പ്രഥമൻ ബാവാ.

പരിശുദ്ധ അബൂനെ മത്ഥിയാസ് ഒന്നാമൻ പാത്രിയർക്കീസ്

എത്യോപ്യൻ ഓർത്തഡോക്സ് തെവ്ഹെദോ സഭയുടെ ആറാമത്തെയും ഇപ്പോഴത്തെയും പാത്രിയർക്കീസാണ് അബൂനെ മത്ഥിയാസ്. കോട്ടയം പഴയ സെമിനാരി സ്ഥാപകനായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ ഇരുന്നൂറാമതും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഇരുപതാമതും ഓർമ്മപ്പെരുന്നാൾ 2016 നവംബർ 24നു കോട്ടയം പഴയ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. മുഖ്യാതിഥിയായി സംബന്ധിച്ച അബൂനെ മത്ഥിയാസ് ബാവാക്ക് തദവസരത്തിൽ ഓർഡർ ഓഫ് സെന്റ് തോമസ് പുരസ്കാരം നൽകി. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായാണ് പുരസ്കാരം സമ്മാനിച്ചത്. എത്യോപ്യയുടെ വൈവിധ്യമാർന്ന സാംസ്കാരിക പശ്ചാത്തലം സംരക്ഷിക്കുന്നതിനും ആ സഭയുടെ തദ്ദേശീയത കാത്തുസൂക്ഷിക്കുന്നതിനും അദ്ദേഹത്തിന്റെ നേതൃത്വം എത്യോപ്യൻ സഭയെ സഹായിക്കുന്നു എന്നത് പ്രസ്താവ്യമാണ്.

Circular: 2/Gen /2025

പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം – 686 004

Ph: 0481 2572890, website: ossaebodhanam.org, ossae.org, e-mail: dgossae@gmail.com

വിജ്ഞാപനം

ബഹുമാനപ്പെട്ട വൈദീകരെ, സഹപ്രവർത്തകരേ,

2025 വർഷത്തിലെ സൺഡേസ്കൂൾ അധ്യയനം, പരീക്ഷകൾ, സഹപാഠ്യമത്സരങ്ങൾ എന്നിവയാണ് ഈ വിജ്ഞാപനത്തിലെ പ്രതിപാദ്യവിഷയങ്ങൾ. സൺഡേസ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ പ്രവർത്തന സൂചികയായി ഈ സർക്കുലറിന്റെ കോപ്പി യൂണിറ്റുകളിൽ സൂക്ഷിക്കുകയും ബഹു. വികാരിക്കും സഹ വികാരിമാർക്കും അധ്യാപകർക്കും നൽകുകയും ചെയ്യണം.

വാർഷിക അധ്യയന പദ്ധതി (Annual Study Plan)

SCHEME OF WORK - 2025

	ബേത്‌ലഹേം ജീസസ് കിഡ്സ്	നസ്രത്ത് ക്ലാസ് 1,2,3	ഗലീലി ക്ലാസ് 4,5,6,7	യരുശലേം ക്ലാസ് 8,9	യരുശലേം ക്ലാസ് 10	താബോർ	
						ക്ലാസ് 11	ക്ലാസ് 12
ജനുവരി	പാഠം 1	പാഠം 1,2	പാഠം 1,2	പാഠം 1,2,3	പാഠം 1,2,3	യൂണിറ്റ് 1 വേദപുസ്തക പഠനം	യൂണിറ്റ് 1
ഫെബ്രുവരി	പാഠം 2	പാഠം 3,4	പാഠം 6,7	പാഠം 6,7,8	പാഠം 4,5,6		
മാർച്ച്	പാഠം 3,4	പാഠം 5,11	പാഠം 11,12,13	പാഠം 11,12,13	പാഠം 7,8,9	യൂണിറ്റ് 2 സഭാചരിത്രം	യൂണിറ്റ് 2
ഏപ്രിൽ	പാഠം 5	പാഠം 12	പാഠം 14,15	പാഠം 14,15	പാഠം 10		യൂണിറ്റ് 7
മെയ്	പാഠം 6	പാഠം 14,16	പാഠം 16,18	പാഠം 16,20,22	പാഠം 11,12,13,14	ഉപപാഠ പുസ്തകം ആദ്യ 5 പാഠങ്ങൾ	
ജൂൺ	പാഠം 7	പാഠം 18,20	പാഠം 20,22	പാഠം 25,28	പാഠം 15 പ. പരുമല തിരുമേനി		
അർദ്ധവാർഷികപ്പരീക്ഷ							
ജൂലൈ	പാഠം 8	പാഠം 6,7,8	പാഠം 3,4,5	പാഠം 4,5	പാഠം 16,17,18,19	യൂണിറ്റ് 3	യൂണിറ്റ് 3
ഓഗസ്റ്റ്	പാഠം 9,10	പാഠം 9,10	പാഠം 8,9,10	പാഠം 9,10	പാഠം 20,21,22	യൂണിറ്റ് 4	യൂണിറ്റ് 4
സെപ്റ്റംബർ	പാഠം 11, 12	പാഠം 13,15	പാഠം 17,19,21	പാഠം 17,18,19	പാഠം 23,24,25	യൂണിറ്റ് 5	യൂണിറ്റ് 5
ഒക്ടോബർ	പാഠം 13,14	പാഠം 17,19	പാഠം 23,24	പാഠം 21,23,24,26	പാഠം 26,27,28	യൂണിറ്റ് 6	യൂണിറ്റ് 6
നവംബർ	പാഠം 15	പാഠം 21	പാഠം 25	പാഠം 27,29,30	പാഠം 29,30 പ. വട്ടശ്ശേരിൽ തിരുമേനി	ഉപപാഠ പുസ്തകം ബാക്കി	
ഡിസംബർ	പരീക്ഷ ഇല്ല	വാർഷിക പരീക്ഷ					

പരീക്ഷാ പരിഷ്കരണം

എഴുത്തുപരീക്ഷയുടെ ആവശ്യകത അധ്യാപകരും മാതാപിതാക്കളും നിർദ്ദേശിച്ചതനുസരിച്ച്, 2024 ഡിസംബർ 14 നു നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി പരീക്ഷകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. പുനഃക്രമീകരണങ്ങൾ ചുവടെ ചേർക്കുന്നു.

1. **1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പരീക്ഷാരീതികളിൽ യാതൊരു മാറ്റവുമില്ല.**
2. **5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൂടി പരിഗണിച്ചാണ് പ്രൊമോഷൻ തീരുമാനിക്കുന്നത്.** അർദ്ധവാർഷിക പരീക്ഷ **ഓഫ്‌ലൈനായും വാർഷിക പരീക്ഷ ഓൺലൈനായുമാണ് നടക്കുന്നത്.** രണ്ടിനും ചോദ്യങ്ങൾ കേന്ദ്രത്തിൽനിന്നും നൽകും. അർദ്ധവാർഷിക പരീക്ഷയിൽ ഉത്തരങ്ങൾ കുട്ടികൾ പേപ്പറിൽ എഴുതുകയും അധ്യാപകർ മൂല്യനിർണയം നടത്തുകയും വേണം. അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൾ അതതു യൂണിറ്റുകളിൽ സൂക്ഷിക്കുകയും വാർഷിക പരീക്ഷയുടെ മാർക്കിന്റെ കൂടെ അർദ്ധവാർഷിക പരീക്ഷയുടെ പകുതി മാർക്കുകൂടി കൂട്ടി യൂണിറ്റുകളിൽ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ ഗ്രേഡ് നിശ്ചയിക്കുകയും ചെയ്യണം. ഓരോ കുട്ടിക്കും ലഭിച്ച മാർക്കു കേന്ദ്രത്തിലേക്കു നൽകേണ്ട ആവശ്യമില്ല. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ A ഗ്രേഡും A+ ഗ്രേഡും ലഭിച്ച കുട്ടികൾക്ക് കേന്ദ്രതലത്തിൽ ഓൺലൈൻ ആയി MCQ മാതൃകയിൽ മത്സരപരീക്ഷ പതിവുപോലെ നടത്തുന്നതായിരിക്കും. **ആകെ മാർക്കിന്റെ 25% അർദ്ധവാർഷിക പരീക്ഷയുടെ മാർക്കും 75% വാർഷിക ഓൺലൈൻ പരീക്ഷയുടെ മാർക്കും കൂടി കൂട്ടി ഗ്രേഡ് നിശ്ചയിക്കുന്നു എന്നതാണ് അടിസ്ഥാന തത്വം.**

   eg. അർദ്ധവാർഷിക പരീക്ഷയ്ക്ക് 40/50 മാർക്കും വാർഷിക ഓൺലൈൻ പരീക്ഷയ്ക്ക് 50/75 മാർക്കും കിട്ടുന്ന ഒരു കുട്ടി ആണെങ്കിൽ ആ കുട്ടിയുടെ ആകെ മാർക്ക് 20 + 50 = 70 ആയിരിക്കും. 70/100. അതനുസരിച്ച് ഗ്രേഡ് നിശ്ചയിക്കണം. അതായത്, B ഗ്രേഡ് ആയിരിക്കും കുട്ടിക്ക് ലഭിക്കുന്നത്.
3. **10, 11, 12 ക്ലാസ്സുകൾ:** ഈ ക്ലാസ്സുകളിലും മേൽപറഞ്ഞ അടിസ്ഥാന തത്വം തന്നെയാണ് പ്രാവർത്തികമാക്കുന്നത്. **വാർഷിക പരീക്ഷയ്ക്ക് വിദ്യാർത്ഥികളുടെ പേര് രജിസ്റ്റർ ചെയ്യുമ്പോൾ മുൻ പാരഗ്രാഫിൽ പറഞ്ഞപ്രകാരം നടത്തുന്ന അർദ്ധവാർഷിക പരീക്ഷയ്ക്കു ലഭിച്ച മാർക്കു കൂടി നിർദ്ദിഷ്ട കോളത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.** പ്രസ്തുത മാർക്കിന്റെ പകുതി മാർക്കു കൂടി വാർഷിക ഓൺലൈൻ പരീക്ഷയുടെ മാർക്കിന്റെ ഒപ്പം (75 Mark) കൂട്ടി ഗ്രേഡ് നിശ്ചയിക്കുന്നതാണ്. 11, 12 ക്ലാസ്സുകളിലെ മാർക്കുകൾ ഒരുമിച്ചു കൂട്ടി വേദപ്രവീൺ ഡിപ്ലോമാ പരീക്ഷയുടെ ഗ്രേഡ് നിശ്ചയിക്കുന്നതുകൊണ്ട് ആകെ മാർക്ക് 200 ആയിരിക്കും. **പ്രോജക്ട്, ഓറിയന്റേഷൻ റിപ്പോർട്ട് എന്നിവ തുടർന്ന് പാഠ്യപദ്ധതിയുടെ ഭാഗമല്ല.**
4. **2025 ലെ വേദപ്രവീൺ ഡിപ്ലോമായ്ക്കുവേണ്ടിയുള്ള താൽക്കാലിക ക്രമീകരണം.**

   2025 ൽ പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്നവരുടെ 40 മാർക്കിന്റെ 11-ാം ക്ലാസ് പരീക്ഷ നടന്നുകഴിഞ്ഞു എന്നുള്ളതുകൊണ്ട് 12-ാം ക്ലാസിൽ നടക്കുന്ന 60 മാർക്കിന്റെ അർദ്ധവാർഷിക പരീക്ഷയുടെ പകുതിയും 90 മാർക്കിന്റെ വാർഷിക ഓൺലൈൻ പരീക്ഷയുടെ മാർക്കും പതിനൊന്നാം ക്ലാസ്സിലെ പരീക്ഷ 80 ൽ ആക്കി പ്രസ്തുത മാർക്കും കൂടി കൂട്ടി ഗ്രേഡ് നിശ്ചയിക്കുന്നതാണ്. അതായത്, 11-ാം ക്ലാസ്സിൽ 80 മാർക്ക്; 12-ാം ക്ലാസ്സിൽ കേന്ദ്ര ഓൺലൈൻ 90 മാർക്ക്; അർദ്ധവാർഷിക ഓഫ്‌ലൈൻ 30 മാർക്ക്. ആകെ 200 മാർക്ക്. പ്രോജക്ടിനും ഓറിയന്റേഷനും മൂല്യനിർണയം ഇല്ല. **പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുമ്പോൾ 12-ാം ക്ലാസ്സിലെ അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൂടി നിർദ്ദിഷ്ട കോളത്തിൽ ചേർക്കണം.**

മത്സരപരീക്ഷ

5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ മത്സര പരീക്ഷ ഡിസംബർ 28 നു ഓൺലൈനായി നടക്കും. വാർഷിക പരീക്ഷയിൽ A / A+ ഗ്രേഡ് ലഭിച്ച കുട്ടികൾക്കു മാത്രമാണ് മത്സരപരീക്ഷയിൽ സംബന്ധിക്കുവാൻ അർഹതയുള്ളത്. റഗുലർ വിഭാഗത്തിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 50% ഹാജർ ഉണ്ടായിരിക്കണം.

വേദപ്രവീൺ പ്രൈവറ്റ് പരീക്ഷ

വേദപ്രവീൺ പ്രൈവറ്റ് പരീക്ഷ 2025 മെയ് 25 ഞായറാഴ്ച നടത്തപ്പെടും. വേദപ്രവീൺ ഡിപ്ലോമ പാസായിട്ടില്ലാത്ത സൺഡേസ്കൂൾ അധ്യാപകർക്കും പത്താം ക്ലാസ് പാസ്സായിട്ടുള്ള മറ്റുള്ളവർക്കും ഈ പരീക്ഷയ്ക്കു ചേരാവുന്നതാണ്. 40 വയസ്സ് പൂർത്തിയായിട്ടുള്ളവർക്ക് 10-ാം ക്ലാസ് പരീക്ഷ പാസ്സാകാതെയും ഈ പരീക്ഷ നേരിട്ട് എഴുതാവുന്നതാണ്. 11, 12 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ മുഴുവൻ ഉൾപ്പെടുത്തി 90 മാർക്കിന്റെ പരീക്ഷയായിരിക്കും നടക്കുക. ഈ വർഷത്തെ വേദപ്രവീൺ പ്രൈവറ്റ് പരീക്ഷകൾക്കു കൂടി പ്രോജക്ട് & ഓറിയന്റേഷൻ റിപ്പോർട്ടുകളും സമർപ്പിക്കേണ്ടതാണ്. പ്രൈവറ്റായി വേദപ്രവീൺ പരീക്ഷ പാസാകുന്നത് സൺഡേസ്കൂൾ അധ്യാപകരാകുവാനുള്ള മിനിമം യോഗ്യതയാണെങ്കിലും അവകാശമല്ല എന്നത് പരീക്ഷാർത്ഥികൾ ഓർക്കണം. സൺഡേസ്കൂൾ അധ്യാപകർ ഒന്നാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സു വരെയുള്ള സൺഡേസ്കൂൾ കരിക്കുലത്തിൽ അധ്യയനം ലഭിച്ചവരും കരിക്കുലത്തെക്കുറിച്ച് അറിവുള്ളവരും ആകുന്നതാണ് അഭികാമ്യം.

വിവിധ പരീക്ഷകളെ സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ട തീയതികൾ

	പേര് രജിസ്റ്റർ ചെയ്യേണ്ട തീയതി		പരീക്ഷ നടക്കുന്ന തീയതി	സമയം
	From	To		
ക്ലാസ് 12 പ്രൈവറ്റ്	March 15	March 31	മെയ് 25, 2025	2 pm
അർദ്ധവാർഷിക പരീക്ഷ			ജൂൺ 22, 2025	11 am
വേദപ്രവീൺ ഡിപ്ലോമ	October 12	November 4	നവംബർ 30, 2025	2 pm
ക്ലാസ് 10	October 12	November 4	നവംബർ 30, 2025	2 pm
ക്ലാസ് 11	October 12	November 4	നവംബർ 30, 2025	2 pm
വാർഷിക പരീക്ഷ 1-4 & 5-9			ഡിസംബർ 7, 2025	11.30 am
മത്സര പരീക്ഷ ക്ലാസ് 5-9			ഡിസംബർ 28, 2025	2.30 pm

സഹപാഠ്യമത്സരങ്ങൾ

1. മത്സര തീയതികൾ

1. സ്കൂൾ തലം — 2025 ആഗസ്റ്റ് 3, ഞായർ
2. ഡിസ്ട്രിക്ട് തലം — 2025 സെപ്റ്റംബർ 13, ശനി
3. ഭദ്രാസന തലം — 2025 ഒക്ടോബർ 11, ശനി
4. സോണൽ തലം — 2025 നവംബർ 8, ശനി
5. സൺഡേസ്കൂൾ പ്രതിഭാ മത്സരങ്ങൾ 2026 ജനുവരി 10, ശനി

ഭദ്രാസന, സോണൽ തല മത്സരങ്ങൾ മുകളിൽ കൊടുത്തിരിക്കുന്ന തീയതികളിൽ തന്നെ നടത്തണം. സ്കൂൾ തല മത്സരം, അതത് യൂണിറ്റുകളുടെ സൗകര്യം അനുസരിച്ച് ഡിസ്ട്രിക്ട് മത്സരത്തിന് മുമ്പായി നടത്തണം.

2. ക്ലാസ്, വിഭാഗം, ജനനത്തീയതി

വിദ്യാർത്ഥി പ്രായമനുസരിച്ച് ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു എന്ന് യൂണിറ്റ് തലത്തിൽ കണ്ടെത്തണം. ആ വിഭാഗത്തിൽ മത്സരിക്കുവാൻ മാത്രമാണ് വിദ്യാർത്ഥിക്ക് അനുവാദമുള്ളത്. എന്നാൽ ഹയർസെക്കണ്ടറി ഒരു പ്രത്യേക വിഭാഗമായി കണക്കാക്കുന്നതിനാൽ പ്രായത്തിന്റെ

അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി വിഭാഗത്തിലുള്ളവർ മറ്റ് വിഭാഗത്തിലോ, മറ്റു വിഭാഗത്തിൽ ഉള്ളവർ ഹയർ സെക്കൻഡറി വിഭാഗത്തിലോ മത്സരിക്കുവാൻ പാടില്ല. അതായത്, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർ ഹയർ സെക്കൻഡറി വിഭാഗത്തിൽ മാത്രമേ മത്സരിക്കാവൂ. മറ്റു ക്ലാസ്സുകളിൽ ഉള്ളവർ ഈ വിഭാഗത്തിൽ മത്സരിക്കാൻ പാടില്ല. ഹയർ സെക്കൻഡറി വിഭാഗത്തിൽ ഒരു കുട്ടിക്ക് രണ്ട് തവണ മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. സഹപാഠ്യ മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അതതു ക്ലാസ്സുകളിൽ മത്സരദിവസം വരെ 50% ഹാജർ ഉണ്ടായിരിക്കണം. വളരെ അർഹിക്കുന്ന സാഹചര്യങ്ങളിൽ ഡയറക്ടർക്ക് ഇളവ് അനുവദിക്കാവുന്നതാണ്.

വിഭാഗം	ജനനതീയതി
സബ് ജൂനിയർ	01-01-2016 നോ അതിനു ശേഷമോ ജനിച്ചവർ
ജൂനിയർ	01-01-2013 മുതൽ 31-12-2015 വരെ ജനിച്ചവർ
സീനിയർ	01-01-2008 മുതൽ 31-12-2012 വരെ ജനിച്ചവർ
ഹയർ സെക്കണ്ടറി	01-01-2006 നോ അതിനു ശേഷമോ ജനിച്ചവർ (ക്ലാസ് 11, 12)

3. മത്സര ഇനങ്ങൾ

സബ് ജൂനിയർ	പ്രസംഗം, സംഗീതം
ജൂനിയർ	പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം
സീനിയർ	പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം
ഹയർ സെക്കണ്ടറി	ഔഗേൻ ബാവ മെമ്മോറിയൽപ്രസംഗം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം

4. പ്രസംഗമത്സരം: വിഷയങ്ങൾ

സബ് ജൂനിയർ 1 നാം ദൈവമക്കൾ
2 തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ

ജൂനിയർ 1 നന്മയിൽ വളരുവിൻ
2 വിശ്വാസത്തിൽ സ്ഥിരപ്പെടുവിൻ

സീനിയർ 'അർത്ഥവത്തായ സൺഡേസ്കൂൾ പഠനം' എന്ന പ്രധാന വിഷയത്തെ ആസ്പദമാക്കി പ്രത്യേക വിഷയം മത്സര സമയത്തു നൽകുന്നതാണ്

ഹയർ സെക്കണ്ടറി: ഔഗേൻ ബാവ മെമ്മോറിയൽ പ്രസംഗം: ഔഗേൻ ബാവായെ സംബന്ധിക്കുന്ന ഒരു വിഷയം

പ്രസംഗ മത്സരം: പ്രസംഗസമയം 5 മിനിറ്റായിരിക്കും. പ്രസംഗമത്സരങ്ങൾക്ക് വാണിങ് ബെല്ലും ഫൈനൽ ബെല്ലും നൽകണം. ഇവ നൽകുന്ന രീതിയും നൽകുന്ന സമയവും മത്സരം ആരംഭിക്കുന്നതിന് മുമ്പ് പങ്കെടുക്കുന്നവരെയും ജഡ്ജസിനെയും ബോധ്യപ്പെടുത്തണം. വാണിങ്ബെൽ ഫൈനൽ ബെല്ലിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കണം.

സീനിയർതല പ്രസംഗ മത്സരത്തിൽ മുകളിൽ കൊടുത്തിരിക്കുന്ന പ്രധാന വിഷയത്തിൽനിന്നും രൂപപ്പെടുത്തുന്ന ഒരു പ്രസംഗ വിഷയം മത്സരം ആരംഭിക്കുന്നതിന് **പത്തു മിനിറ്റ് മുമ്പ് മാത്രമായിരിക്കും** വിദ്യാർത്ഥിക്ക് നൽകുന്നത്.

പരിശുദ്ധ ഔഗേൻ ബാവ മെമ്മോറിയൽ പ്രസംഗ മത്സരത്തിൽ യൂണിറ്റ് തലം മുതൽ ഈ വർഷം പരിശുദ്ധ ബസേലിയോസ് ഔഗേൻ ബാവായെ സംബന്ധിക്കുന്ന ഒരു വിഷയമായിരിക്കും ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കു നൽകുന്നത്. ഈ പ്രസംഗ വിഷയവും മത്സരത്തിന് 10 മിനിറ്റ് മുമ്പു മാത്രമായിരിക്കും പങ്കെടുക്കുന്നവർക്കു നൽകുന്നത്.

ഭാഷ, ആശയം, അവതരണം വിഭജനം എന്നിവയാണ് പ്രസംഗ മത്സരത്തിനുള്ള വിലയിരുത്തൽ മാനദണ്ഡങ്ങൾ.

5. സംഗീത മത്സരം

എല്ലാ വിഭാഗത്തിലുമുള്ള സംഗീത മത്സരങ്ങൾക്ക് അനുവദനീയമായ സമയം 3 മിനിറ്റാണ്. മലയാള ക്രിസ്തീയ ഗാനങ്ങൾ മാത്രം ആലപിക്കാം. സ്വരങ്ങളും കീർത്തനങ്ങളും അനുവദനീയമല്ല. ശ്രുതി, ലയം, താളം, അവതരണം എന്നിവയാണ് വിലയിരുത്തൽ മാനദണ്ഡങ്ങൾ.

6. സമൂഹഗാന മത്സരം

സമൂഹഗാന മത്സരങ്ങൾക്ക് അനുവദനീയമായ സമയം 3 മിനിറ്റാണ്. ഒരു ഗ്രൂപ്പിൽ മൂന്നു പേരിൽ കൂടുതൽ അംഗങ്ങൾ പാടില്ല.

താഴെ പറയുന്ന ഗാനങ്ങൾ സമൂഹഗാനത്തിന് ഉപയോഗിക്കാം (ജൂണിയർ, സീനിയർ, ഹയർ സെക്കൻഡറി) സഭ ഔദ്യോഗികമായി അംഗീകരിച്ച ഈണത്തിൽ കേന്ദ്ര ഓഫീസിൽ നിന്നും ഗാനങ്ങൾ ലഭ്യമാക്കുന്നതാണ്.

1. ആദാമിലാ-രംഭി-ച്ഛായതമായ്...
   (പുരുഷന്മാരുടെ ശവസംസ്കാരം, ഒന്നാം ശുശ്രൂഷ)
2. സോദരരെ! കൂടിൻ എന്നെയോ-ർത്തിടുവിൻ...
   (പുരുഷന്മാരുടെ ശവസംസ്കാരം, രണ്ടാം ശുശ്രൂഷ, നിറം: 6)
3. കൈമുത്ത് ഗീതങ്ങൾ
   (വിശുദ്ധ കുർബാന ക്രമം 2024 എഡിഷൻ)
4. ധന്യൻ മിശിഹാ! വാക്കാൽ മൃതരെ...
   (പുരുഷന്മാരുടെ ശവസംസ്കാരം, നാലാം ശുശ്രൂഷ)
5. ആഗ്ന്യാത്മീ-യന്മാരീ-റേരും...
   (ക്യംതാ, പ്രഭാത നമസ്കാരം നിറം: 5)

7. പ്രസംഗത്തിനും സംഗീതത്തിനും സമയനിഷ്ഠയ്ക്കു പ്രത്യേകം മാർക്ക് ഉണ്ടായിരിക്കുന്നതാണ്. യൂണിറ്റുതലം മുതൽ മത്സരങ്ങൾക്ക് മൈക്ക് അനുവദനീയമാണ്. സമൂഹഗാനത്തിന് മൈക്ക് ഉപയോഗിക്കാതിരിക്കുന്നതാണ് അഭികാമ്യം.

ആരെയും അയോഗ്യരാക്കുന്നതല്ല.

8. വേദവാക്യം

ഈ മത്സരത്തിന് ഒരു മണിക്കൂർ സമയത്ത് 50 ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണം. 'തങ്കവാക്യം' എന്ന പുസ്തകത്തിലെ ആദ്യ 25 വിഷയങ്ങൾ അടിസ്ഥാനമാക്കിയാണ് ജൂനിയർ വിഭാഗത്തിലെ മത്സരം. സീനിയർ, ഹയർ സെക്കണ്ടറി വിഭാഗങ്ങൾക്ക് ഈ പുസ്തകത്തിലെ എല്ലാ വിഷയങ്ങളും ഉണ്ടാകും. ഓരോ തലത്തിലും ഒന്നും രണ്ടും സ്ഥാനത്ത് (ഉയർന്ന ആദ്യ രണ്ട് സ്കോറുകൾ) എത്തുന്നവർക്ക് അടുത്ത തല മത്സരത്തിൽ പങ്കെടുക്കാം. ഈ വർഷം ഇംഗ്ലീഷിലും ചോദ്യങ്ങൾ ലഭ്യമാകും.

9. പൊതുവിജ്ഞാനം

പൊതുവിജ്ഞാന മത്സരത്തിന് ഒരു മണിക്കൂർ സമയത്ത് 50 ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണം. ഓരോ തലത്തിലും ഒന്നും രണ്ടും സ്ഥാനത്ത് (ഉയർന്ന ആദ്യ രണ്ട് സ്കോറുകൾ) എത്തുന്നവർക്ക് അടുത്ത തല മത്സരത്തിൽ പങ്കെടുക്കാം. പഴയനിയമം, പുതിയനിയമം, സഭാചരിത്രം, ആരാധന എന്നീ വിഷയങ്ങളിൽനിന്നും ചോദ്യമുണ്ടായിരിക്കും. ഈ വർഷം ഇംഗ്ലീഷ് പരിഭാഷയും ലഭ്യമാകും.

'തങ്കവാക്യങ്ങൾ', 'പൊതുവിജ്ഞാനം' എന്നീ പുസ്തകങ്ങൾ റഫറൻസ് പുസ്തകങ്ങളായി മാത്രം കണക്കാക്കുക.

10. സോണൽ മത്സരങ്ങൾ

സോൺ	ഉൾപ്പെടുന്ന ഭദ്രാസനങ്ങൾ
മലബാർ	സുൽത്താൻ ബത്തേരി, മലബാർ, കുന്നംകുളം
നോർത്ത്	തൃശൂർ, കണ്ടനാട് W, കണ്ടനാട് E, കൊച്ചി, അങ്കമാലി
സെൻട്രൽ	ഇടുക്കി, കോട്ടയം, കോട്ടയം സെൻട്രൽ, നിരണം
സൗത്ത് സെൻട്രൽ	ചെങ്ങന്നൂർ, മാവേലിക്കര, റാന്നി-നിലയ്ക്കൽ, തുമ്പമൺ
സൗത്ത്	അടൂർ-കടമ്പനാട്, കൊട്ടാരക്കര-പുനലൂർ, കൊല്ലം, തിരുവനന്തപുരം

സോണൽ തലത്തിലേക്ക് കേന്ദ്രത്തിൽനിന്നും ജഡ്ജസിനെ നിശ്ചയിച്ച് അയക്കുന്നതാണ്.

ട്രൈബ്യൂണൽ (അപ്പീൽ കമ്മറ്റി): മത്സരനടത്തിപ്പിൽ പരാതി ഉണ്ടായാൽ മൂന്നു പേരിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയ ഒരു ട്രൈബ്യൂണലിനെ (അപ്പീൽ കമ്മറ്റി) താഴെ പറയുന്ന രീതിയിൽ നിയമിക്കേണ്ടതാണ്. ഡിസ്ട്രിക്ട് തലത്തിൽ ഡിസ്ട്രിക്ട് പ്രസിഡന്റും (അദ്ധ്യക്ഷൻ) മൂന്നു ഹെഡ്മാസ്റ്റർമാരും ഭദ്രാസനതലത്തിൽ ഭദ്രാസന വൈസ്പ്രസിഡന്റും (അദ്ധ്യക്ഷൻ) മൂന്ന് ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരും, സോണൽ തലത്തിൽ മത്സരം നടക്കുന്ന സ്ഥലത്തെ ഭദ്രാസന വൈസ് പ്രസിഡന്റും (അദ്ധ്യക്ഷൻ), മറ്റു മൂന്നു ഭദ്രാസന ഡയറക്ടർമാരും കമ്മറ്റി അംഗങ്ങളായിരിക്കണം. ചീഫ് സൂപ്രണ്ടായിരിക്കും ട്രൈബ്യൂണലിന്റെ കൺവീനർ. മത്സരങ്ങളുടെ നടത്തിപ്പു സംബന്ധിച്ചു പരാതി ഉണ്ടായാൽ വിധി പ്രഖ്യാപിക്കുന്നതിനു മുമ്പ് ചീഫ് സൂപ്രണ്ടിനെ രേഖാമൂലം അറിയിക്കേണ്ടതും ചീഫ് സൂപ്രണ്ട് ട്രൈബ്യൂണലിന്റെ ആലോചനയോടെ തീരുമാനം എടുക്കേണ്ടതുമാണ്. ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കും. ഡിസ്ട്രിക്ട് തലത്തിൽ ഹെഡ്മാസ്റ്റർമാർക്കും ഭദ്രാസന തലത്തിൽ ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർക്കും സോണൽ തലത്തിൽ ഭദ്രാസന ഡയറക്ടർക്കുമാണു പരാതി നൽകാൻ അർഹതയുള്ളത്. സോണൽ ചീഫ് സൂപ്രണ്ടായി നിയമിക്കപ്പെടുന്ന ഡയറക്ടറുടെ ഭദ്രാസനത്തിൽ നിന്നു പരാതി ഉണ്ടായാൽ അത് ഭദ്രാസന സെക്രട്ടറി നൽകേണ്ടതാണ്. മറ്റു പരാതികൾ പരിഗണനാർഹമല്ല. ജഡ്ജസിന്റെ തീരുമാനം സംബന്ധിച്ചു പരാതിക്ക് അവകാശമില്ല. മാർക്ക് ടാബുലേറ്റ് ചെയ്യുവാൻ ഒന്നിലധികം അദ്ധ്യാപകരെ നിയോഗിക്കേണ്ടതും ചീഫ് സൂപ്രണ്ട് അതു പരിശോധിച്ചശേഷം മാത്രം ഫലം പ്രഖ്യാപിക്കേണ്ടതുമാണ്.

വിജയികളുടെ പോയിന്റ്: ഒന്നാം സ്ഥാനത്തിന് 5 പോയിന്റും രണ്ടാം സ്ഥാനത്തിന് 3 പോയിന്റും നൽകാം. പോയിന്റ് കണക്കാക്കാൻ എല്ലാ മത്സരങ്ങളും (ഔഗേൻ ബാവാ മെമ്മോറിയൽ ഉൾപ്പെടെ-യൂണിറ്റു തലം മുതൽ) പരിഗണിക്കണം.

11. സൺഡേസ്കൂൾ പ്രതിഭാ മത്സരങ്ങൾ

കേന്ദ്രതല പ്രതിഭാമത്സരങ്ങൾ (പ്രസംഗം, സംഗീതം) 2026 ജനുവരി 10 ന് ശനിയാഴ്ച ദേവലോകം സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽവച്ചു നടത്തും. മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കും. സോണൽതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രതിഭാ മത്സരങ്ങൾക്ക് പങ്കെടുക്കാം. വേദവാക്യം, പൊതുവിജ്ഞാനം എന്നിവയ്ക്ക് പ്രത്യേകം മത്സരം കേന്ദ്രതലത്തിൽ ഉണ്ടായിരിക്കുന്നതല്ല. ഇവയ്ക്ക് സോണൽ തലത്തിൽ കേന്ദ്രം നടത്തുന്ന മത്സരത്തിൽ ഏറ്റവും ഉയർന്ന സ്കോർ നേടുന്നവരെ പ്രതിഭകളായി പ്രഖ്യാപിക്കുന്നു. ഒരിക്കൽ പ്രതിഭാ സ്ഥാനം നേടിയവർക്ക് വീണ്ടും ആ ഇനത്തിൽ സ്കൂൾതലം മുതൽ തന്നെ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

പ്രതിഭകൾക്ക് നൽകുന്ന അവാർഡുകൾ താഴെ പറയുന്നവയാണ്.

വിഭാഗം	മത്സരം	അവാർഡ്
സീനിയർ	സംഗീതം	ഗാനസുഗന്ധി
	പ്രസംഗം	വാഗ്മിതിലകം
	വേദവാക്യം	വേദവചനഭൂഷൺ
	പൊതുവിജ്ഞാനം	വിജ്ഞാനി
ഹയർസെക്കണ്ടറി	പൊതുവിജ്ഞാനം	പ്രവീൺ

സൺഡേസ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ദൈവകൃപയ്ക്കായി പ്രാർത്ഥിക്കാം. ദൈവം നമ്മെ ശക്തീകരിക്കട്ടെ.

സ്നേഹപൂർവ്വം

ഫാ. ഡോ. വർഗീസ് വർഗീസ്
ഡയറക്ടർ ജനറൽ

അക്കൗണ്ട് നമ്പർ: Bank: SBI, Branch: Devalokam. **കാണിക്ക, കവർ പിരിവ്, പരീക്ഷാ ഫീസ്:** A/c No. 57017053258. **ജീവകാരുണ്യം:** A/c No. 57017053485. **സൺഡേസ്കൂൾ മാസിക:** A/c No. 57017053779, IFSE: SBIN0070820 **ബാങ്കിൽ തുക അടച്ചതിനു ശേഷം** details **കേന്ദ്ര ഓഫീസ് സെക്രട്ടറിയെ** (9447094766) **നിർബന്ധമായും അറിയിച്ചിരിക്കണം.**

സൺഡേസ്കൂൾ വാർഷികവും അധ്യാപക പരിശീലനവും

അടൂർ കടമ്പനാട് ഭദ്രാസനത്തിലെ പത്തനാപുരം ഡിസ്ട്രിക്റ്റ് സൺഡേസ്കൂൾ വാർഷികവും അധ്യാപക പരിശീലനവും കടക്കാമൺ സെന്റ് ജോർജ് പള്ളിയിൽ നടന്നു. അഭി. കുറിയാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. ഫാ. കെ. പി. മാത്യൂസ്, ഫാ. ടി. കെ. തോമസ്, ഫാ. ഗീവർഗീസ് ജോസഫ്, ഫാ. കുര്യൻ വർഗീസ്, പ്രൊഫ. ഡോ. ചെറിയാൻ തോമസ്, ഡോ. സന്തോഷ് ജി. തോമസ്, പ്രൊഫ. ജോസ് വി. കോശി, ഇ. എം. ജോൺ, ഐ. സി. ചെറിയാൻ, ജേക്കബ് കുര്യൻ, ബാബു പോൾ, രാജു വർഗീസ് എന്നിവർ പ്രസംഗിച്ചു.

ജയിൽ സന്ദർശനവും ക്രിസ്തുമസ് ആഘോഷവും

അങ്കമാലി ഭദ്രാസനത്തിലെ ആലുവ ഡിസ്ട്രിക്ട് സൺഡേസ്കൂൾ അധ്യാപകരുടെ നേതൃത്വത്തിൽ ആലുവ സബ് ജയിൽ സന്ദർശിച്ചു വിചാരണ തടവുകാരോടൊപ്പം ക്രിസ്മസ് ആഘോഷിച്ചു. അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനി, ഫാ. ബിനോയ് വർഗീസ് പരിയത്ത്, ഫാ. റിജോ മാത്യു, ജയിൽ സൂപ്രണ്ട് അനീഷ് പി.എസ്, കെ.വി. വർഗീസ്, ഡോ. പ്രസാദ് ചീരൻ എന്നിവർ നേതൃത്വം നൽകി.

അർത്ഥതലങ്ങളിലൂടെ

താരകൾ കൂപ്പി... ആറ്റിൻനിരയോടൂറ്റുകളെ വാഴ്ത്തിയ ദൈവത്തെ

മാറാനായപ്പെരുന്നാളുകൾ തുടർച്ചയായി വരുന്ന കാലഘട്ടമാണ് ഡിസംബർ മുതൽ മാർച്ചു വരെയുള്ള മാസങ്ങൾ. ഇതിൽതന്നെ ഡിസംബർ 25 ന് ആഘോഷിക്കുന്ന യൽദോ പെരുന്നാളിലും ജനുവരി 6 ന് ആഘോഷിക്കുന്ന ദനഹാപ്പെരുന്നാളിലും പ്രത്യേക ശുശ്രൂഷകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ദനഹാപ്പെരുന്നാളിലെ വെള്ളം വാഴ്വിന്റെ ശുശ്രൂഷ വിശുദ്ധ കുർബാനയുടെ ഏകദേശ ഘടനയിൽതന്നെയാണ് ക്രമീകരിച്ചിരിക്കുന്നത്. വാഴ്ത്തിയ വെള്ളത്തിന്റെ പ്രാധാന്യം ഈ ശുശ്രൂഷയുടെ സംവിധാനം നമുക്കു ബോധ്യമാക്കിത്തരുന്നു. വിശുദ്ധ വേദപുസ്തക സംഭവങ്ങൾ വളരെയധികം കോർത്തിണക്കി അവതരിപ്പിക്കുന്ന ശുശ്രൂഷകളാണ് 'യൽദോ'യും 'ദനഹാ'യും. ദനഹാ എന്നാൽ 'ഉദയം' അഥവാ 'വെളിപ്പെടുത്തൽ' എന്നാണ് അർത്ഥം. അന്നാണല്ലോ ത്രിത്വസ്വഭാവം വ്യക്തമായി ലോകത്തിനു വെളിപ്പെട്ടത്.

ദനഹായുടെ ശുശ്രൂഷയുടെ വിവിധ ഭാഗങ്ങളിലായി, വിശുദ്ധ വേദപുസ്തകത്തിൽ വെള്ളത്തെ പരാമർശിച്ചുള്ള മിക്കവാറും എല്ലാ സംഭവങ്ങളും പരാമർശിക്കുന്നുണ്ട്. കർത്താവിന്റെ മാമോദീസായിലൂടെ സകല ജലാശയങ്ങളെയും താൻ ശുദ്ധീകരിക്കുകയാണ് ചെയ്തത്. അങ്ങനെ എല്ലാ ഊറ്റുകളെയും വാഴ്ത്തിയ ദൈവത്തെ നക്ഷത്രങ്ങൾ നമസ്കരിച്ചു എന്നു നാം പാടുന്ന ഗീതമാണ് ഈ കുറിപ്പിന്റെ തലക്കെട്ടായി കൊടുത്തിരിക്കുന്നത്.

ഏവൻഗേലിയോനുശേഷമുള്ള ലുത്തിനിയായിൽ 'കർത്താവിന്റെ മാമോദീസായാൽ വിശുദ്ധീകരിക്കപ്പെട്ട വിശുദ്ധ ജലത്തിൽ പിശാചുഗണത്തെ മുക്കിക്കൊന്ന് ഞങ്ങളുടെ പാപങ്ങളെ മായിച്ചു കളയണമേ' എന്നു പ്രാർത്ഥിക്കുമ്പോൾ മത്തായി 8:28-34 ൽ പറയുന്ന സംഭവമാണ് സൂചന. കർത്താവ് ഭൂതഗ്രസ്തന്മാരിൽനിന്നും ഭൂതങ്ങളെ പന്നികളിലേക്ക് അയക്കുകയും പന്നികൾ കൂട്ടത്തോടെ കടലിലേക്കു പാഞ്ഞ് നശിക്കുകയും ചെയ്ത സംഭവമാണല്ലോ ഈ ഭാഗത്ത് വിശദീകരിക്കുന്നത്.

വീണ്ടും ലുത്തിനിയായിൽതന്നെ 'കയ്പായ ജലത്തെ മോശ മുഖാന്തിരം മരത്താൽ രുചികരമാക്കിത്തീർത്തവൻ' എന്നു പറയുന്നത് പുറപ്പാട് 15:35 ലെ സംഭവമാണ്. വൃക്ഷത്തിന്റെ കൊമ്പു മുറിച്ച് കയ്പായ ജലത്തിൽ ഇട്ട് മോശ വെള്ളം രുചികരമാക്കിയതാണ് ഇവിടെ പറയുന്ന സംഭവം.

തുടർന്നുള്ള സെദറായിലും വെള്ളവുമായി ബന്ധപ്പെട്ടു പഴയനിയമത്തിൽ പറയുന്ന സംഭവങ്ങളുടെ പ്രതിപാദനമുണ്ട്. 'മരണകരമായ വെള്ളത്താൽ ദുഷ്ടന്മാരുടെ അഹങ്കാരത്തെ നീതിയോടെ നീ നശിപ്പിച്ചു. പുറപ്പാട് 14-ൽ വിശദീകരിക്കുന്ന, മിസ്രയീമ്യരെ ചെങ്കടലിൽ മുക്കിക്കൊന്ന സംഭവമാണ് ഇവിടെ പ്രതിപാദനം.

'ദാഹിച്ചിരുന്ന ജനത്തിന് ... പാറയിൽനിന്നും നീ വെള്ളം നൽകി.' രഫീദിമിൽവച്ച് മോശ പാറയിൽ അടിച്ച് ദാഹിച്ചിരുന്ന ജനത്തിനു വെള്ളം നൽകിയതാണ് ഈ സംഭവം. പുറപ്പാട് 14 ൽ ഇതു വിശദീകരിക്കുന്നു.

'ഉപ്പിനാൽ യരീഹോവിലെ ജനത്തിന്റെ വിനാശകരമായ അവസ്ഥയെ പോഷകാവസ്ഥയിലേക്കു തിരിച്ചുവരുത്തി.'

യരീഹോപട്ടണത്തിലെ ചീത്തയും ഗർഭനാശകവുമായ വെള്ളത്തെ ഉപ്പിട്ട് ഏലിശാപ്രവാചകൻ പഥ്യമാക്കിത്തീർത്ത സംഭവമാണ് ഇവിടെ സൂചന (2 രാജാക്കന്മാർ 2:21).

'ചെങ്കടലിനെ വടിയുടെ അടിയാൽ വിഭജിക്കുകയും .... ജനത്തെ കരയിൽകൂടി എന്നപോലെ കടത്തിവിടുകയും ചെയ്തു.' മോശ യിസ്രായേൽ ജനത്തെ ചെങ്കടൽ കടത്തിയ സംഭവമാണ് ഇവിടെ പറയുന്നത് (പുറപ്പാട് 14:22).

തുടർന്നു പട്ടക്കാരൻ നടത്തുന്ന പ്രാർത്ഥനയിൽ ഈ സംഭവങ്ങൾ പലതും വീണ്ടും സ്മരിക്കുന്നതിനു പുറമേ, 'ഗലീലായിലെ കൊത്തിനെയിൽ വച്ച് ... വെള്ളത്തിന്റെ സ്വഭാവത്തെ നല്ല വീഞ്ഞായി നീ രൂപാന്തരപ്പെടുത്തി' എന്നു പറയുന്നു (യോഹന്നാൻ 2).

പട്ടക്കാരൻ കൈ ഉയർത്തിക്കൊണ്ട് നടത്തുന്ന പ്രാർത്ഥനയിൽ ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ച് ഇപ്രകാരം പറയുന്നു. 'ചതുർഭൂതങ്ങളെക്കൊണ്ട് അതിനെ നീ സംഘടിപ്പിച്ച് സംവത്സരത്തിന്റെ നാലു ഋതുക്കളാൽ നീ കിരീടമണിയിച്ചു.' പുരാതന ഭാരതീയ സംസ്കാരത്തിൽ 'ചതുർഭൂതങ്ങൾ' എന്നാൽ ഭൂമി (മണ്ണ്), ജലം, അഗ്നി (ഊർജം), വായു (ആത്മാവ്) എന്നിവയാണ്. ഈ നാലു പദാർത്ഥങ്ങൾകൊണ്ടാണ് സൃഷ്ടി മുഴുവനും നടത്തിയത് എന്നാണ് ഇവിടെയുള്ള ആശയം. നാലു ഋതുക്കൾ എന്നാൽ, വസന്തം (Spring), ഗ്രീഷ്മം (Summer), ശരത്കാലം (Autumn), ശൈത്യം (Winter) എന്നിവയാണ്. ഈ നാലു കാലങ്ങളാൽ അലങ്കരിച്ചിരിക്കുന്നു എന്നാണ് ഇവിടെ അനുസ്മരണം.

ആറു ചിറകുകളുള്ള സ്രോപ്പേന്മാരുടെ സ്തുതിപ്പിനെക്കുറിച്ചും (യശയ്യാ 6) അനേകം കണ്ണുകളുള്ള ക്രോബേന്മാരുടെ സ്തുതിപ്പിനെക്കുറിച്ചും (യെഹസ്കേൽ 3:12) ഇവിടെ എടുത്തു പറയുന്നുണ്ട്.

തുടർന്നുള്ള പ്രാർത്ഥനകളിൽ നോഹിന്റെ കാലത്ത് (ഉല്പത്തി 7) പാപത്തെ വെള്ളം മൂലം മുക്കിക്കളഞ്ഞതിനെ സ്മരിക്കുന്നു. അതേ പ്രാർത്ഥനയിൽ 'ബാലിന്റെ മാർഗ്ഗഭ്രംശത്തിൽനിന്നും ഇസ്രായേലിനെ ഏലിയാ പ്രവാചകൻ അഗ്നിയാലും വെള്ളത്താലും രക്ഷിച്ചതും' സ്മരിക്കുന്നു (1 രാജാക്കന്മാർ 18). ഏലിയാ പ്രവാചകൻ ബലിപീഠം പണിതിട്ട് വിറകിന്മേലും ചുറ്റുമുള്ള തോട്ടിലും വെള്ളം കോരി ഒഴിച്ചിരുന്നല്ലോ.

കർത്താവിന്റെ മാമോദീസായിലെ സംഭവവും, മേൽപ്പറഞ്ഞ വെള്ളവുമായി ബന്ധപ്പെട്ട സംഭവങ്ങളും ആവർത്തിച്ച് വി. വേദപുസ്തകത്തിൽനിന്നും ദനഹാശുശ്രൂഷയിൽ സ്മരിക്കുന്നുണ്ട്. പ്രസ്തുത വേദപുസ്തക സംഭവങ്ങൾ എല്ലാം കർത്താവിന്റെ മനുഷ്യാവതാര സംഭവങ്ങളുമായി ബന്ധിപ്പിച്ചിരിക്കുകയാണ് ഈ ശുശ്രൂഷയിൽ.

'നീരാട്ടം മണവാട്ടി കഴിച്ചേറു-ന്നേരം
കാത്ത-ങ്ങവനീശൻ ദാവീദാറ്ററികിൽ നി-ന്നു'.

ബേത്ത്ഷേബായെ നോക്കിക്കൊണ്ട് ദാവീദ് രാജാവ് നിൽക്കുന്നതുപോലും മനുഷ്യാവതാര രഹസ്യവുമായി പിതാക്കന്മാർ ഇങ്ങനെ പാടിക്കൊണ്ട് ബന്ധിപ്പിച്ചിരിക്കുന്നു.

കുന്നംകുളം ഭാഗത്ത് ഓർത്തഡോക്സുകാർ 'പിണ്ടിപ്പെരുന്നാൾ' എന്ന പേരിലും പാലാ ഭാഗത്ത് സീറോ മലബാർ കത്തോലിക്കർ 'രാക്കുളിപ്പെരുന്നാൾ' എന്ന പേരിലും ദനഹാപ്പെരുന്നാൾ ആർഭാടത്തോടെയാണ് കൊണ്ടാടുന്നത്.

നമ്മുടെ കർത്താവ് കൃത്യം മുപ്പതു വയസ്സായപ്പോൾ മാമോദീസാ മുങ്ങി പരസ്യശുശ്രൂഷ ആരംഭിച്ചു എന്ന അർത്ഥത്തിൽ ആദിമസഭ കർത്താവിന്റെ ജനനപ്പെരുന്നാളും ദനഹാപ്പെരുന്നാളും ഒരുമിച്ചുതന്നെ ആഘോഷിച്ചിരുന്നു. ഇന്നും അർമേനിയൻ ഓർത്തഡോക്സ് സഭ ക്രിസ്തുമസും ദനഹായും ഒരുമിച്ച് ജനുവരി 6 നു തന്നെയാണ് ആഘോഷിക്കുന്നത്.

പ്രൊഫ. ഡോ. ചെറിയാൻ തോമസ്